


2013 JANUARY | Vol.12 | Issue 1 | ₹15
കെയ്റോസ്
അകലെയല്ല പ്രത്യാശയുടെ തീരം

**എഡിറ്റോറിയൽ**



# പ്രത്യാശയുടെ പുതുവർഷം

അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവുമരത്തിൽ കായ്കളില്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം (ഹബക്കുക്ക് 3, 17–18).

പഴയനിയമത്തിലെ ഹബക്കുക്ക് പ്രവാചകന്റെ വാക്കുകളാണിവ. ജീവിതത്തിൽ പിടിച്ചാൽകിട്ടാത്ത വലിയപ്രശ്നങ്ങൾക്കു നടുവിൽ ദൈവത്തെ കണ്ടെത്താൻ കഴിഞ്ഞതിന്റെ ആനന്ദത്തിലാകണം പ്രവാചകൻ ഇങ്ങനെ ഉദ്ഘോഷിക്കാനിടയായത്.

കഴിഞ്ഞവർഷം നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു? എല്ലാം വിജയപ്രദമായിരുന്നോ, അതോ നിരവധി ആശാഭംഗങ്ങളും നിരാശാജനകമായ സാഹചര്യങ്ങളുമുണ്ടായിരുന്നോ? പരാജയങ്ങളും രോഗങ്ങളും ഒറ്റപ്പെടലുകളും പ്രിയപ്പെട്ടവരുടെ മരണവുമെല്ലാം നിങ്ങളെ വേദനിപ്പിച്ചോ? തൊഴിലിലും കുടുംബത്തിലുമൊക്കെ സങ്കടങ്ങളുടെ സാഹചര്യമുണ്ടായിരുന്നോ? തൊഴിലന്വേഷണവും ബിസിനസിൽ വളരാനുള്ള ശ്രമവുമൊക്കെ വേണ്ടത്ര വിജയിക്കാതെ വന്നിട്ടുണ്ടോ?

പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകേണ്ട ഒരുപ്രധാനപ്പെട്ട ചിന്ത തിരുത്തലുകളെക്കുറിച്ചാണ്. ഇതുവരെയുള്ള വഴികളിൽ എന്തെങ്കിലും മാറ്റങ്ങളോ ദിശമാറലോ ആവശ്യമുണ്ടോ? നമ്മുടെ കാഴ്ചപ്പാടുകളിലോ പ്രവർത്തനങ്ങളിലോ ശൈലികളിലോ ഉള്ള എന്തെങ്കിലും പ്രശ്നങ്ങളാണോ ജീവിത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നതെന്ന് ചിന്തിക്കാം. നിങ്ങൾ അതിവേഗം ദേഷ്യപ്പെടുന്ന ഒരുവ്യക്തിയാണോ, ക്ഷമിക്കാനും ക്ഷമചോദിക്കാനും ബുദ്ധിമുട്ടുള്ള വ്യക്തിയാണോ, എങ്കിൽ തീർച്ചയായും ചില തിരുത്തലുകൾക്കുള്ള സാഹചര്യങ്ങളുണ്ട്.

ഗ്രീക്ക് പുരാണ കഥാപാത്രമായ ജാനുവരുസിന്റെ പേരിൽ നിന്നാണല്ലോ ജനുവരി മാസത്തിന് പേര് കിട്ടിയത്. അദ്ദേഹത്തിനു മുൻപിലേക്കും പിന്നിലേക്കും തിരിഞ്ഞിരിക്കുന്ന രണ്ടുമുഖങ്ങളുണ്ടായിരുന്നത്രേ. ജനുവരി മാസം പിന്നിലേക്കു തിരിഞ്ഞുനോക്കി തെറ്റുകൾ മനസ്സിലാക്കി പ്രതീക്ഷയോടെ മുന്നോട്ടു പോകാനുള്ളതാണ്.

ആകുലനാകരുതേ, മകനേ അസ്വസ്ഥനാകരുതേ, ആധിയാലായുസ്സിനെ നീട്ടാനാകുമോ നരനുലകിൽ എന്ന വചനാധിഷ്ഠിതമായ പാട്ട് ശ്രദ്ധിച്ചിട്ടില്ലേ? ആകാശത്തിലെ പറവകളെയും വയലിലെ ലില്ലിച്ചെടികളെയും കരുതലോടെ കാക്കുന്ന നല്ല ദൈവം നമ്മെപ്പറ്റിയും കരുതലുള്ളവനാണ് എന്ന തിരിച്ചറിവ് നൽകുന്ന സമാധാനം ചില്ലറയല്ല.

എല്ലാം ശരിയാകും , ഈ പുതിയവർഷത്തിൽ നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെല്ലാം ശരിയാകും എന്ന പ്രതീക്ഷയോടെ നീങ്ങാം. വർഷാരംഭ ദിനത്തിലെ ആവേശകരമായ തീരുമാനങ്ങൾക്കൊപ്പം നല്ലതുമാത്രമേ പുതുവർഷത്തിൽ കാണുകയും പറയുകയും ചെയ്യുകയുള്ളൂ എന്നുകൂടി തീരുമാനിക്കാനും പ്രാവർത്തികമാക്കുവാനും കഴിഞ്ഞാൽ വിജയിച്ചു.

കെയ്റോസിന്റെ എല്ലാവായനക്കാർക്കും പുതുവർഷം അനുഗ്രഹപ്രദമാകട്ടെ എന്നാണ് ഞങ്ങളുടെ പ്രാർഥന. യുവജനങ്ങളുടെയും കൗമാരക്കാരുടെയും ജീവിതങ്ങളിൽ പ്രത്യേകമായ വിധത്തിൽ വഴികാട്ടിയും വെളിച്ചവുമായി മുന്നിൽനിൽക്കാനുള്ള കെയ്റോസിന്റെ ദൗത്യം പൂർത്തിയാക്കാനായി ഞങ്ങൾ ഒരിക്കൽകൂടി പുനരർപ്പിക്കുകയാണ്.

പുതുവർഷത്തിൽ കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരാനുള്ള കെയ്റോസിന്റെ പരിശ്രമങ്ങളിൽ പ്രിയവായനക്കാരുടെ സഹായമുണ്ടാകണമെന്നപേക്ഷിക്കുന്നു. പൗലോസ് ശ്ലീഹ തെസലോനിക്കക്കാരോടു പറയുന്ന വാക്കുകൾ ആവർത്തിക്കട്ടെ. “എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ, ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം.” (1 തെസ. 5:16–18)

*സ്നേഹപൂർവം,*
*ചാക്കോച്ചൻ ഞാവള്ളിൽ*
*kairosmag@gmail.com*

Kairos Magazine | January 2013 | Vol.12 | Issue 1 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: **₹ 180** | അഞ്ചു വർഷത്തേക്ക് **₹ 800** | വിദേശത്തേക്ക് **₹ 1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036, ഓഫീസ് **സന്തോഷ് ജോസഫ്** 9645997378, **റ്റിജോമോൻ ജയിംസ്** 9495915929

കവർ ഫോട്ടോ **ഗോഡ്വിൻ വോക്സ് ദേയ്** 9940086283, ഉൾകവർ **അനിഷ വി.ജെ** 9747266752
ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ

പ്രിയ എഡിറ്റർ,

2012 നവംബർ ലക്കം കെയ്റോസിൽ 'വാർത്താവിചാരം' നന്നായിരുന്നു. പെണ്ണൊരുമ്പെട്ടാൽ സർവനാശം തന്നെ. 'ആമേനും', 'നന്മ നിറഞ്ഞവളേ സ്വസ്തിയും' പണം വാരുന്നത് പെണ്ണൊരുമ്പെട്ടെഴുതിയ അടങ്ങാത്ത ആസക്തിയുടെ രഹസ്യമറിയാനാണ്. കത്തോലിക്കാ സഭയ്ക്കെതിരേ വാളും ബോംബും തോക്കുമായി നിൽക്കുന്നവർക്ക് ആശ്വാസം പകരുന്നവരാണ് ജെസ്മിയും മേരി ചാണ്ടിയും. ആരെയും അംഗീകരിക്കാനും ആദരിക്കാനും ഇഷ്ടപ്പെടാത്ത ഇവർ മഠം ചാടിയില്ലെങ്കിലേ അതിശയമുള്ളൂ. സഭാനിയമങ്ങൾ അനുസരിക്കാൻ ആഗ്രഹമില്ലാത്ത ഇവരൊക്കെ എന്തിനാണ് മഠത്തിൽ ചേർന്നത്? ക്രിസ്തുനാഥന്റെ സഹനത്തിൽ പങ്കുചേരാനാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. അക്കരപ്പച്ച കണ്ട് മതിലും വേലിയും ചാടിയവർക്ക് പലയിടങ്ങളിൽ നിന്നും നല്ല സ്വീകരണം ലഭിക്കും. അവർ, തൊട്ടു, തലോടി, കെട്ടിപ്പിടിച്ചു എന്നൊക്കെ എഴുതുമ്പോൾ വായനക്കാരും പതിപ്പുകളും കൂടും.

നവംബർ ലക്കത്തിലെ കവർസ്റ്റോറി എടുത്തു പറയേണ്ടതാണ്. ടെക്നോസുന്ദരന്മാരും സുന്ദരിമാരും പ്രാർഥനയിലും ജീവകാരുണ്യ പ്രവർത്തനത്തിലും സജീവരാകുന്നതിൽ ദൈവത്തിനു നന്ദി. ടെക്നോപാർക്കുകൾ പ്രാർഥനാലയങ്ങളായി മാറുന്നതിനു വേണ്ടി മുൻപു ഞാൻ പ്രാർഥിക്കുമായിരുന്നു. ദൈവത്തിനു നന്ദി.

*ചെമ്പകമംഗലം ജെറാൾഡ്*
*റിപ്പോർട്ടർ, സൺഡേ ശാലോം*



# 'ഗോവണിയുടെ സുവിശേഷം'?

**ലേഖനം**

റ്റോം ജോസ് തഴുവംകുന്ന്



ഉന്നതങ്ങളിലേക്ക് നോക്കി കർമരംഗത്ത് ഉറച്ചു നിൽക്കേണ്ട നാമൊക്കെയിന്ന് വട്ടംകറങ്ങി ചുറ്റും നോക്കി ആർപ്പുവിളികളെയും അംഗീകാരങ്ങളെയും നേട്ടങ്ങളെയും അന്വേഷിക്കുകയാണോ? എങ്കിൽ സ്വാർഥം തല പൊക്കുന്നുവെന്ന് സാരം! സ്നേഹത്തിന്റെ മുഖമുണ്ടെങ്കിലും ഉള്ളിന്റെയുള്ളിൽ സ്നേഹത്തിന് സ്വയംതീർത്ത നാനാർഥങ്ങൾ എഴുതി കൂട്ടുകയാണ് നാം. സ്നേഹം മാത്രമായ ദൈവത്തെ സംവഹിക്കുന്നുവെന്നും സർവാത്മനാ പ്രഘോഷിക്കുന്നുവെന്നും ഗർവോടെ പറയുമ്പോഴും പുറംകാഴ്ചകളുടെ ജാലകങ്ങൾ അടച്ച് ഉള്ളിൽതൊട്ട് സ്നേഹത്തിന്റെ അപരിമേയത പ്രഘോഷിക്കാനാകുന്നുണ്ടോ? "സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കൊറി. 13:4-7). അവസാനിക്കാത്ത ഈ സ്നേഹപ്രവാഹത്തിന്റെ 'ഛായയും സാദൃശ്യവുമായി' മാറാൻ നമുക്കു കഴിയണം. ഏതു പ്രതികൂലതയിലും സ്നേഹത്തിന്റെ അനുകൂലതയെ പ്രതിനിധാനം ചെയ്യാൻ നമുക്കാകണം.

ഗോവണിയുടെ ഉപയോഗം എന്താണെന്ന് ചോദിച്ചാൽ കൊച്ചുകുട്ടികൾ പോലും പറയും ഉയരങ്ങളിലേക്ക് കയറാനാണെന്ന്. എന്നാൽ, ഗോവണിയിൽ കയറ്റത്തിന്റെ പടികൾക്കൊപ്പം ഇറക്കത്തിന്റെ പടികളുമുണ്ടെന്ന യാഥാർഥ്യം നാം മറക്കുന്നു. സ്വർഗത്തോളമുയരാനും, ഭൂമിയോളം വിനീതപ്പെടുവാനുമാകുമ്പോൾ അഥവാ തളർച്ചയിലേക്ക് താണിറങ്ങി തഴച്ചുവളരുന്നതിലേക്ക് ചവിട്ടുപടികളായി മാറുമ്പോഴാണ് ശുശ്രൂഷയുടെ നിസ്വാർഥതയും സ്നേഹത്തിന്റെ വചനാവ്യതിയും പ്രകാശിതമാകുന്നത്. "ഓരോരുത്തരും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ" (1 പത്രോ. 4:10). ദൈവനിശ്ചയങ്ങളെ നിവർത്തീകരിക്കാൻ നിയോഗിക്കപ്പെട്ടവർ അഥവാ അയയ്ക്കപ്പെട്ടവർ എന്ന ചിന്തയിൽ നാമൊക്കെ വെറും 'വട്ടപ്പൂജ്യ'മായി നിലകൊള്ളുമ്പോൾ ദൈവം ഒപ്പമെത്തി പൂജ്യത്തിന് വിലമതിക്കാനാവാത്ത വിലയിടുമെന്ന് ആത്മാവിൽ തിരിച്ചറിയാൻ കഴിയണം.

കിടമൽസരവും, ഒറ്റപ്പെടുത്തലുകളും ആക്ഷേപശരങ്ങളും കൊണ്ട് താൻപോരിമയുടെ യുദ്ധക്കളമായി ശുശ്രൂഷാരംഗം മാറുന്നെങ്കിൽ കൃപാമാരിയും ആശങ്കയുടെ നിഴലിലാകും. ഞാനുമെന്റെ ദൈവവും എന്നതിലെ സ്നേഹമന്ത്രം അനുഭവമാകുമ്പോൾ മാത്രമാണ് അനുഗ്രഹങ്ങൾ അവാച്യമായ സ്വർഗീയതയെ പ്രഘോഷിക്കുന്നത്. ലോകത്തിന്റെ പ്രലോഭനങ്ങളല്ല, സ്വർഗത്തിന്റെ പ്രചോദനങ്ങളാണ് നമ്മെ ശുശ്രൂഷയിൽ എത്തിക്കുന്നതും, ഉറപ്പിക്കുന്നതും, മുന്നോട്ടുനയിക്കുന്നതും! സ്വാർഥം തേടിയുള്ള യാത്രയിൽ വചനത്തിന്റെ ഫലദായകമായ വിതയും വിളവെടുപ്പും സാധിക്കില്ല!

സ്വയം അളക്കാനുള്ള നീക്കങ്ങൾ വിശ്വാസത്തിനും സ്നേഹത്തിനും എതിരാണ്. നേട്ടങ്ങൾക്കുവേണ്ടിയല്ല, കർത്താവിനുവേണ്ടി വിളയൊരുക്കാനും, വിളവെടുക്കാനും മാത്രമാണ് നമ്മുടെ നിയോഗം. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും ശുശ്രൂഷയിലൂടെ ദൈവത്തിലേക്ക് കൈപിടിച്ചെത്തിക്കാനുമായി സഹനം ചുമക്കുന്ന ഒരു ഗോവണി മാത്രമായി നമ്മുടെ ജീവിതം മാറണം. നിയോഗം നിവർത്തിച്ച് ഏതോ ഒഴിഞ്ഞ മൂലയിൽ ഒതുക്കിവയ്ക്കപ്പെട്ടിരിക്കുന്ന ഗോവണിയുടെ സുവിശേഷം നാം ഓർമയിൽ സദാ സൂക്ഷിക്കണം. "കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്, കടമ നിർവഹിച്ചതേയുള്ളൂ എന്നു പറയുവിൻ" (ലൂക്കാ. 17:10). ഗോവണി ഒരു ഉപകരണം മാത്രം. എന്നാൽ അതു ചുമക്കുന്ന ഭാരത്തിന് ഉയർച്ചയോ താഴ്ചയോ പ്രശ്നമല്ല; നിയോഗനിവർത്തീകരണം മാത്രമാണ് ലക്ഷ്യം. ദൈവത്തിന്റെ പദ്ധതിയിലെ കടമ നിർവഹിക്കുന്ന പ്രയോജനമില്ലാത്ത ദാസരായി മാറുവാൻ തക്ക കൃപ സ്വന്തമാക്കുവാൻ നമുക്കു യത്നിക്കാം! നിരന്തരം പ്രാർഥനയുടെ ഐക്യത്തിൽ വ്യാപരിക്കാം! ■



## അനുഭവം

മനോജ് സണ്ണി

# വിശ്വാസത്തിന്റെ ആഘോഷ വർഷത്തിൽ

## പുതുവഴികളിലൂടെ

ആഗോള യുവജനദിനവുമായി ബന്ധപ്പെട്ട തയാറെടുപ്പു മീറ്റിങ്ങുകൾക്കായി നവംബറിൽ ജീസസ് യൂത്ത് ഇന്റർനാഷനൽ കോ-ഓർഡിനേറ്റർ റൈജുവിനോടൊത്ത് ഞാൻ ബ്രസീലിലായിരുന്നു. ദിവസങ്ങൾ നീണ്ട മീറ്റിങ്ങുകൾക്കു ശേഷം ഇന്ത്യയിലേക്കു മടങ്ങുന്നതിനു മുൻപ് വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാനായി ഞങ്ങൾ പള്ളിയന്വേഷിച്ചു നടക്കുകയായിരുന്നു. പള്ളിമണിയുടെ ശബ്ദം കേട്ട് ഞങ്ങൾ ചെന്നത് റിയോ ഡി ജനീറോയിലെ തിരക്കേറിയ ഒരു തെരുവിൽ നിർത്തിയിട്ടിരിക്കുന്ന ഒരു വലിയ ട്രക്കിനു മുൻപിലേക്കാണ്. അതിൽ ഒരു സൗണ്ട് സിസ്റ്റവും ഗായകസംഘവും. പുരോഹിതൻ കുർബാനയ്ക്കായി തയാറെടുക്കുകയായിരുന്നു. ആ തെരുവിൽവച്ചുനടന്ന വിശുദ്ധ കുർബാനയിൽ ഞങ്ങളും പങ്കുകൊണ്ടു. ഇതേസമയം നേരെ എതിർവശത്തുള്ള തെരുവിലെ പബ്ബുകളിൽ നൂറുകണക്കിനാളുകൾ മദ്യപിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ വൈരുദ്ധ്യങ്ങളുടെ നടുവിൽ ദിവ്യകാരുണ്യനാഥനിലുള്ള വിശ്വാസം ആഘോഷിക്കാനും പ്രഘോഷിക്കാനും ലഭിച്ച അവസരം മനോഹരമായ ഒരനുഭവമായി.

ഈ വിശാസവർഷത്തിൽ ഒരു പുതിയ വസന്തത്തെ വരവേൽക്കാൻ സഭ ഒരുങ്ങുകയാണ്. ഇത് കൃതജ്ഞതയുടെയും ആനന്ദത്തിന്റെയും സമയമാണ്. യേശുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും നമുക്കു ലഭിച്ച വിശ്വാസമെന്ന ദാനത്തിനായി ദൈവത്തിനു നന്ദി പറയാനുള്ള സമയം. എങ്ങനെയാണ് നാം ഈ വർഷം ആഘോഷിക്കുവാൻ പോകുന്നത്? മൂന്നു രീതിയിലാണ് ഈ വിളിയോടു പ്രതികരിക്കാൻ സഭ നമ്മോടാവശ്യപ്പെടുന്നത്.

### 1. വിശ്വാസത്തെ നവീകരിക്കുകയും ആഴപ്പെടുത്തുകയും ചെയ്യുക

പൂർവികരിൽ നിന്നു ലഭിച്ച നമ്മുടെ വിശ്വാസത്തിന് വില കൊടുക്കേണ്ട അവസ്ഥ ഇന്ത്യയിലെ മറ്റു പല പ്രദേശങ്ങളിലേതു പോലെ കേരളത്തിലെ ക്രിസ്ത്യാനികൾക്കില്ല. അതുകൊണ്ടു തന്നെ പലപ്പോഴും നമ്മുടെ ആളുകൾ വിശ്വാസത്തെ വേണ്ടത്ര വിലമതിക്കാറുണ്ടോ എന്ന് ഞാൻ ഭയപ്പെടുന്നു. നമ്മുടെ വിശ്വാസത്തിന്റെ വേരുകളെക്കുറിച്ച് നമുക്കെന്തറിയാം? പ്രതിസന്ധികളിൽപെടുമ്പോഴും മറ്റ് സഭാവിഭാഗങ്ങളുടെ ചോദ്യശരങ്ങളുടെ മുൻപിലും ശക്തമായി നിലകൊള്ളുന്ന വിശ്വാസം നമ്മിലെത്ര പേർക്കുണ്ട്? ഇത്തരുണത്തിൽ രണ്ടു കാര്യങ്ങളാണ് ജീസസ് യൂത്ത് ഈ വർഷം മുന്നോട്ടു വയ്ക്കുന്നത്.

### യൂക്യാറ്റ് പഠനത്തിനായി ചെറുഗ്രൂപ്പുകൾ

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിക്കുന്നതിന് ഏറ്റവും ഫലപ്രദവും എളുപ്പമുള്ളതുമായ മാർഗമാണിത്. ഇടവകകളിലും കോളജുകളിലും ജോലിസ്ഥലത്തുമൊക്കെ വിശ്വാസസത്യങ്ങൾ അറിയുന്നതിനും അവയിൽ വളരുന്നതിനുമായി ഈ വർഷം യൂക്യാറ്റ് പഠനഗ്രൂപ്പുകൾ തുടങ്ങാൻ കഴിയില്ലേ?

### വിശുദ്ധരോടൊത്ത് യാത്ര

തങ്ങളുടെ ജീവിതത്തിലൂടെ നമുക്കു മനസ്സിലാകുന്ന ഭാഷയിൽ നമ്മോടു സംസാരിക്കുന്ന വിശുദ്ധരെ അടുത്തറിയുക. വ്യക്തിപരമായും കൂട്ടമായും യാത്ര ചെയ്യാനായി 12 വിശുദ്ധരുടെ ഒരു ഗൈഡ് ജീസസ് യൂത്ത് ഈ വർഷം തയാറാക്കുന്നുണ്ട്.

വിശുദ്ധരെക്കുറിച്ച് കൂടുതൽ അറിയാൻ മാത്രമല്ല, അവരുടെ ജീവിതങ്ങളെ അടുത്ത് അനുഗമിക്കാനും നമ്മോട് അവർ പറയുന്ന കാര്യങ്ങൾ ശ്രവിക്കാനും ജീവിതം പുതുക്കാനുമാണിത്.

### 2. വിശ്വാസം പുതിയ രീതിയിൽ ജീവിക്കുക, ആഘോഷിക്കുക.


വിവിധ മതസമൂഹങ്ങളുടെ പശ്ചാത്തലത്തിൽ അവയൊക്കെ ആദരിച്ചുകൊണ്ടുതന്നെ നമ്മുടെ വിശ്വാസത്തെ ആത്മാർഥമായി പ്രകടിപ്പിക്കാൻ നമുക്കെന്തു ചെയ്യാൻ കഴിയും?

ജീസസ് യൂത്തിന്റെ നാഷനൽ സ്പിരിച്വൽ ഡയറക്ടർ ഫാ. ചെറിയാൻ നേരേവീട്ടിൽ വളരെ ക്രിയാത്മകമായ ഒരാശയം അവതരിപ്പിച്ചു: കൃതജ്ഞതയുടെ സമ്മാനം നമുക്കെല്ലാവർക്കും നമ്മുടെ വിശ്വാസം പൊട്ടിമുളയ്ക്കാനും വളരാനും ഇടയായ നിരവധി അനുഭവങ്ങളുണ്ട്. പിന്തിരിഞ്ഞു നോക്കുമ്പോൾ, ഈ നാഴികക്കല്ലുകൾ ഓരോന്നും നമുക്കു വേണ്ടി ദൈവം ചെയ്ത വ്യക്തിപരമായ അത്ഭുതങ്ങളാണ്. ഇതിന് നാമെങ്ങനെ കൃതജ്ഞതയർപ്പിക്കും? എത്ര നന്ദിയർപ്പിച്ചാലും തികയില്ലെങ്കിലും നമ്മുടെ ജീവിതവഴികളിൽ നിന്നും നാം



സമർപ്പിക്കുന്ന സമ്മാനങ്ങൾ നമ്മുടെ ജീവിതയാത്രയിലെ ദൈവിക സാന്നിധ്യത്തെ അംഗീകരിക്കുന്നതാകും.

ഓരോ വ്യക്തിക്കും ദൈവം വ്യത്യസ്തമായ കഴിവുകളും വൈദഗ്ധ്യങ്ങളും തന്ന് അനുഗ്രഹിച്ചിട്ടുണ്ട്. ഇവയുപയോഗിച്ച് തങ്ങളുടേതായ പഠന, തൊഴിൽ മേഖലകളിൽ നിന്ന് ഒരു സമ്മാനം ഈ മുന്നേറ്റത്തിനും സഭയ്ക്കും ലോകത്തിനുമായി നൽകാൻ കഴിയുമോ? ഇപ്രകാരമുള്ള സമ്മാനങ്ങൾ ഒന്നിച്ചു കൊണ്ടുവരാനും മുന്നേറ്റത്തിലോ സഭയിലോ പുറംലോകത്തോ ഉള്ള ആർക്കും ഇത് ഉപയോഗപ്പെടുത്തുവാൻ തക്കവണ്ണം സംലഭ്യമാക്കുകയും ചെയ്താൽ അനന്തമായ സാധ്യതകളിലേക്കാണ് അതു വഴി വയ്ക്കുന്നത്. എന്തായിരിക്കാം യാഥാർഥത്തിൽ ഈ സമ്മാനം? ഉദാഹരണത്തിന് കാർഷികമേഖലയിലുള്ള ഒരു വ്യക്തി ഒരു ജൈവ ഫാം എങ്ങനെ തുടങ്ങാമെന്ന് വിഡിയോ ഇന്റർവ്യൂവിലൂടെ താത്പര്യമുള്ളവരെ പഠിപ്പിക്കുന്നു, അല്ലെങ്കിൽ ഒരു വെബ്ഡിസൈനർ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു വെബ്സൈറ്റ് എങ്ങനെ രൂപപ്പെടുത്താമെന്ന പാഠങ്ങൾ തയാറാക്കി നൽകുന്നു.



അപ്പോൾ, എന്തായിരിക്കും നിങ്ങളുടെ സമ്മാനം?!

### വൈദികർക്കുവേണ്ടിയുള്ള പ്രാർഥന

ജീസസ് യൂത്ത് എന്നും വൈദികരെ സ്നേഹിച്ചും ബഹുമാനിച്ചുമാണ് വളർന്നിട്ടുള്ളത്. വൈദികരോടൊപ്പം പ്രവർത്തിക്കുമ്പോൾ, അവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾ അവരിലൂടെ ലഭിക്കുന്ന അനന്തമായ അനുഗ്രഹങ്ങളിൽ നമ്മളും പങ്കുകാരാകുകയാണ്. ദൈവത്തിൽനിന്നു നമുക്ക് ലഭിച്ച സമ്മാനമായ വിശ്വാസത്തിനുള്ള കൃതജ്ഞതയുടെ അടയാളമായി നമ്മുടെ വൈദികർക്കായി പ്രാർഥിക്കാം. അവരുടെ ദൗത്യപാതയിൽ പിന്തുണയുമായി ഒപ്പം നടക്കാം.

### 3. വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുക

വേർബും ദോമിനി എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പരിശുദ്ധ പിതാവ് രണ്ടു വിഭാഗത്തിലുള്ള ആളുകളെക്കുറിച്ച് പറയുന്നുണ്ട്. മാമ്മോദീസ സ്വീകരിച്ചിട്ടും വേണ്ടവിധത്തിൽ സുവിശേഷവത്ക്കരിക്കപ്പെടാത്തവർ, മാമ്മോദീസ സ്വീകരിക്കാത്ത സുവിശേഷവത്ക്കരിക്കപ്പെടാത്തവർ. നമ്മുടെ ശുശ്രൂഷകളിൽ മിക്കവാറും ആദ്യ വിഭാഗത്തെയാണ് നാം ലക്ഷ്യംവച്ചു പ്രവർത്തിച്ചിട്ടുള്ളത്. രണ്ടാമത്തെ വിഭാഗത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ നമുക്കെന്തു ചെയ്യാൻ കഴിയും? പ്രത്യേകിച്ച് ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് കേരളത്തിലേയ്ക്കൊഴുകുന്ന അന്യ സംസ്ഥാന തൊളിലാളികളുടെ കാര്യത്തിൽ.

### വിശ്വാസ വഴിയിൽ കൂട്ടുപോകുക

മറ്റൊരു മനോഹരമായ മാർഗമാണ് ഒരാളുടെ വിശ്വാസ വഴിയിൽ അയാളുടെ കൂടെ നടക്കുകയെന്നത്, പ്രക്ഷുബ്ധമായ ഈ ലോകത്ത് വളരെ നിശബ്ദമായൊരു നടത്തം. പരിശുദ്ധ പിതാവ് ഇതിനെ എമ്മാവൂസിലേക്കുള്ള യാത്രയോടു ബന്ധിപ്പിച്ച് പങ്കുവച്ചുള്ള നടത്തം, ഒരുമിച്ചുള്ള നടത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. യുവജനങ്ങൾക്ക് തങ്ങളോടോപ്പം നിശ്ശബ്ദനായി കർത്താവും നടക്കുന്നു എന്ന രഹസ്യത്തെ തിരിച്ചറിയാനും മനസ്സിലാക്കാനും കൂടെ നടക്കുന്ന ആളുകളെ ആവശ്യമാണ്. നമുക്കോരോരുത്തർക്കും ഇപ്രകാരം കൂടെ നടക്കാനായി ഒരാളെയെങ്കിലും തിരഞ്ഞെടുക്കാൻ കഴിയുമോ? നിശ്ശബ്ദമായി കൂടെ നടക്കാനും, അയാളുടെ ഉയർച്ചകളിലും, താഴ്ചകളിലും, ചിന്താക്കുഴപ്പങ്ങളിലും നിരാശകളിലും കൂടെയിരിക്കാനും ക്രിസ്തു രൂപപ്പെടുന്നതു വരെ വി. പൗലോസ് അനുഭവിച്ച വേദന അനുഭവിക്കാനും കഴിയുമോ?

### വിശ്വാസം പുതിയൊരാളുമായി പങ്കുവയ്ക്കുക

ക്രിസ്തുവിനെ കണ്ടുമുട്ടിയ സമറിയാക്കാരി അവനെപ്പറ്റി ചുറ്റുമുള്ളവരോടു പറഞ്ഞതുപോലെ ഈ വിശ്വാസസവർഷം നമ്മുടെ വിശ്വാസത്തെക്കുറിച്ച് പുതിയ ഒരാളോടെങ്കിലും പങ്കുവച്ചുകൂടേ? സുവിശേഷത്തിന്റെ സൗന്ദര്യം ഇനിയും ലഭിച്ചിട്ടില്ലാത്ത എത്രയോ പേരാണ് നമുക്കുചുറ്റും. പ്രാർഥനാപൂർവം ഒരുങ്ങി നമ്മൾ ഈ വെല്ലുവിളി സ്വീകരിച്ചാൽ നമ്മുടെ അനുഭവസാക്ഷ്യം വഴി ഒട്ടേറെപ്പെരെ ക്രിസ്തുവിലേക്കു നയിക്കാൻ കഴിയുമെന്നുറപ്പാണ്.

ഹൃദയത്തിൽ വിശ്വസിക്കുകയും അധരം കൊണ്ടേറ്റു പറയുകയും ചെയ്യുമ്പോഴാണ് നാം നീതികരിക്കപ്പെടുകയും രക്ഷപ്രാപിക്കുകയും ചെയ്യുന്നത്. ഈ വിശ്വാസ വർഷം വിശ്വാസ പ്രമാണം ഹൃദിസ്ഥമാക്കാനും എല്ലാ ദിവസവും ഒരു പ്രാർഥനയായി ഏറ്റു പറയാനും നമ്മെ സഹായിക്കട്ടെ! അപ്പോൾ നമ്മുടെ ശ്വാസോച്ഛ്വാസവും ഹൃദയത്തോടു ചേർന്ന് അതേറ്റു പറയും.



**അനുഭവം**

സജീവ് ജോയി ചെല്ലാനം

# നീ മറക്കണം

ജീവിതത്തിൽ സുഹൃത്തുക്കളിൽ നിന്നും പ്രിയപ്പെട്ടവരിൽ നിന്നും ഉണ്ടായ വേദനിപ്പിക്കുന്ന അവസ്ഥകളെ മറക്കാനാവാതെ വിഷമിക്കുന്ന അനേകം വ്യക്തികൾ നമുക്കിടയിൽ ഉണ്ട്. കഴിഞ്ഞ നാളുകളിൽ അമ്മയിൽ നിന്ന് ഉണ്ടായ വേദനകളെ മറക്കാനാവാത്ത ഒരു പെൺകുട്ടിയെ കണ്ടുമുട്ടി. ക്ഷമിക്കാം, പക്ഷേ, മറക്കാനാവുന്നില്ല എന്നതാണ് അവളുടെ പ്രശ്നം.

അടുത്തകാലത്ത് വായിച്ച ഒരു കഥ ഈ സമയം ഓർക്കുന്നു. രണ്ട് ആത്മാർഥ സുഹൃത്തുക്കൾ ഒരു യാത്രയിലായിരുന്നു. നമുക്ക് അവരെ ജോൺ എന്നും പോൾ എന്നും വിളിക്കാം. യാത്രയ്ക്കിടയിൽ ഒരിടത്തുവച്ച് അവർ തമ്മിൽ വാക്കുതർക്കം ഉണ്ടായി. പോൾ ജോണിനെ അടിച്ചു. ഉടനെ ജോൺ മണലിൽ ഇങ്ങനെ എഴുതി. 'ഇവിടെ വച്ച് എന്റെ സുഹൃത്ത് എന്നെ അടിച്ചു'. വീണ്ടും യാത്ര തുടരുന്നതിനിടയിൽ പാറക്കൂട്ടങ്ങൾക്കിടയിൽ വഴുതിവീഴുവാൻ തുടങ്ങിയ ജോണിനെ പോൾ രക്ഷിച്ചു. ഉടൻ ജോൺ പാറയിൽ ഇങ്ങനെ കൊത്തിവച്ചു. 'ഇവിടെ വച്ച് എന്റെ സുഹൃത്ത് എന്നെ രക്ഷിച്ചു'. ഇത് കണ്ട് പോൾ ചോദിച്ചു, ഞാൻ നിന്നെ അടിച്ചപ്പോൾ നീ അത് മണലിൽ എഴുതി രക്ഷിച്ചപ്പോൾ അത് പാറയിൽ കൊത്തിവച്ചു. എന്താണ് അതിന് കാരണം? ജോൺ പറഞ്ഞു, 'ജീവിതത്തിലെ വേദനിപ്പിക്കുന്ന അനുഭവങ്ങളെ മണലിൽ എഴുതണം. കാറ്റോ മഴയോ വന്ന് അത് മായിച്ചു കളയട്ടെ. സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും അനുഭവങ്ങളെ പാറയിൽ കൊത്തിവയ്ക്കണം. ഒരു കാറ്റും മഴയും അതിനെ മായിച്ചു കളയാൻ ഇടയാകാതിരിക്കട്ടെ.'

ജീവിതയാത്രയിൽ കയ്പ്പേറിയ അനുഭവങ്ങൾ നല്കുന്നവരോട് ക്ഷമിക്കുവാൻ പലപ്പോഴും നമുക്കു കഴിയാറുണ്ട്, പക്ഷേ, ക്ഷമിച്ചു എന്നു പറയുമ്പോഴും അവർ ഏല്പിച്ച മുറിപ്പാടുകളുടെ വേദനിപ്പിക്കുന്ന ഓർമകളെ മറക്കുവാൻ നമുക്ക് കഴിയാറില്ല.

ക്ഷമിക്കുക (ഫോർഗിവിനസ്സ്) എന്നതിന് മറക്കുക (ഫോർഗറ്റ്) എന്നുകൂടി അർഥമുണ്ടെന്ന് നാം തിരിച്ചറിയുക. കഴിഞ്ഞ കാല ജീവിതത്തിലെ വേദനിപ്പിക്കുന്ന അനുഭവങ്ങളെ പാടെ മറന്നുകളഞ്ഞിട്ട് തല ഉയർത്തിനിൽക്കുന്ന ഒരു വ്യക്തിയെ പഴയനിയമ പുസ്തകം നമുക്ക് കാണിച്ചു തരുന്നുണ്ട്. ജോസഫ് ആണ് ആ വ്യക്തി. ചെറിയ പ്രായം മുതൽ ചില പ്രത്യേക ദൈവകൃപകളുടെ പേരിൽ സഹോദരങ്ങളിൽ നിന്ന് അവഗണനകൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു കുട്ടി. അവസാനം അവർ അവനെ പൊട്ടക്കിണറ്റിൽ തള്ളുകയും അടിമയായി വില്ക്കുകയും ചെയ്യുന്നു. പിന്നീട് ചെന്നെത്തുന്ന യജമാനന്റെ ഭാര്യയിൽ നിന്ന് ചെയ്യാത്ത തെറ്റിന്റെ പേരിൽ ശിക്ഷയേൽക്കേണ്ടിവരുന്നു. ഇത്തരം അവസ്ഥകളിലൂടെ കടന്നുപോയ ഈ മനുഷ്യൻ തനിക്ക് ഒരു കുഞ്ഞുണ്ടായപ്പോൾ അവന് 'മനാസേ' എന്ന് പേരു നല്കി. ആ വാക്കിന്റെ അർഥം 'നീ മറക്കണം.'

സഹോദരങ്ങളോട് ക്ഷമിക്കാനും അവർ ഏല്പിച്ച വേദനിപ്പിക്കുന്ന ഓർമകളെ മറക്കാൻ തയ്യാറായ, രാജ്യത്തിലെ ജനങ്ങളുടെയും നിങ്ങളുടെയും രക്ഷയ്ക്കായി നിങ്ങൾക്ക് മുൻപേ ദൈവം എന്നെ ഇങ്ങോട്ട് അയക്കുകയായിരുന്നു എന്ന് പറയുന്ന ജോസഫ് ഒരു വലിയ സത്യം നമ്മെ ഓർമിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ വേദനിപ്പിക്കുന്ന അനുഭവങ്ങൾക്കു പിന്നിലും ദൈവത്തിന് ഒരു വലിയ പദ്ധതി ഉണ്ട് എന്ന സത്യം.

ആ ദൈവിക പദ്ധതി തിരിച്ചറിഞ്ഞ് വേദനയുടെയും വിഷമതകളുടെയും എല്ലാ അനുഭവങ്ങളെയും നമുക്ക് മണലിൽ എഴുതാം. കാറ്റും മഴയും അതിനെ മായിച്ചുകളയട്ടെ. മറിച്ച് ജീവിതത്തിൽ സഹായമായി താങ്ങായി കടന്നുവരുന്ന സ്നേഹത്തിന്റെ അനുഭവങ്ങളെ ഒരിക്കലും മറക്കാതിരിക്കാം. ജീവിതത്തിൽ എന്നും ഓർക്കാൻ ഹൃദയ ഫലകങ്ങളിൽ ഒളിമങ്ങാതെ കാത്തുസൂക്ഷിക്കാം. മനുഷ്യവർഗത്തിന്റെ മുഴുവൻ ഭാരവും പേറി സ്വയം ബലിയായിത്തീർന്ന ക്രിസ്തുനാഥൻ തന്റെ

സ്നേഹത്തിന്റെ ഓർമ നിലനിർത്താനായി നമ്മോടു പറയുന്നു, 'ഇത് നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.' സ്നേഹത്തിന്റെയും കരുതലിന്റെയും ഒരു അനുഭവവും വിസ്മരിക്കപ്പെടാൻ പാടില്ല. അതുകൊണ്ടാണല്ലോ സ്നേഹത്തിന് മരണമില്ല എന്നു പറയപ്പെടുന്നത്.

കയ്പ്പേറിയ ജീവിതാനുഭവങ്ങളെ നമുക്കു മറന്നുകളയാം. മധുരിക്കുന്ന അനുഭവങ്ങളെ ഒരിക്കലും മറക്കാതെ കാത്തുസൂക്ഷിക്കാം.

ഈ നിമിഷം മുതൽ ജീവിതത്തിൽ ദൈവകൃപയുടെ മഴപ്പെയ്ത്ത് ആരംഭിക്കുകയായി.


## യൂത്ത് റിട്രീറ്റ്

ആത്മീയാഘോഷത്തിന്റെ മൂന്ന് ദിനങ്ങൾ...
യുവത്വത്തിന്റെ തിളക്കമാർന്ന ജീവിതശൈലി
യേശുവിൽ രൂപപ്പെടുത്താനൊരവസരം.

തിയ്യതി: ജനുവരി 10-ന് വൈകുന്നേരം 6.00 മുതൽ
13-ന് ഉച്ചയ്ക്ക് 1.00 വരെ

### കളമശ്ശേരി, എമ്മാവൂസിൽ

ഫീസ്: ₹ 450

**ജീസസ് യൂത്ത് കേരള ടീം**
ധ്യാനം നയിക്കുന്നു.

ഫോൺ: 9746423879, 9895711718,
9895371709, 0484-2555980



കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..................................................

അഡ്രസ്സ്: ..................................................

..................................................

ജില്ല: ..............................പിൻ: ..............................

മൊബൈൽ: ..............................ഇമെയിൽ..............................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..............................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0495 2545375, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Bank Name:** Federal Bank Ltd. **Branch:** Kalamassery
**A/c No.Savings Bank A/c :** 13060100110898. **MICR Code:** 682049016 **IFSC Code:** FDRL 0001012



## കൂടിക്കാഴ്ച

പ്രിൻസ് ടി. ഡി.

# യാത്ര വചന വഴിയിൽ

വലിയ ലക്ഷ്യങ്ങൾ നേടാനായി മറ്റെല്ലാം ഉപേക്ഷിച്ച് സ്വന്തം കാര്യം മാത്രം നോക്കണമെന്ന തത്ത്വം നൂറുശതമാനം തെറ്റാണെന്ന് തെളിയിക്കുകയായിരുന്നു കോട്ടയം സ്വദേശി ഡോ. സിബിച്ചൻ കെ. മാത്യു. വിദ്യാഭ്യാസ കാലത്ത് ബിരുദങ്ങളും പി.എച്ച്.ഡി.യും ഇന്ത്യൻ റവന്യു സർവീസ് എന്ന സിവിൽ സർവീസ് പദവിയുമെല്ലാം സ്വന്തമായപ്പോൾ ദൈവത്തോടുചേർന്നുനിന്നാൽ പതിൻമടങ്ങു പ്രതിഫലമാണെന്ന സത്യത്തിന് അടിവരയിടുകയും ചെയ്തു. ബൈബിളിനെ അഗാധമായി സ്നേഹിച്ച കുട്ടിക്കാലവും ബൈബിൾ പങ്കുവയ്ക്കാൻ വിനിയോഗിച്ച പഠനകാലവും കഴിഞ്ഞ് വളരെ തിരക്കുള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥനായപ്പോഴും സിബിച്ചന് ദൈവത്തിനായും സഹജീവികൾക്കായും ചെലവഴിക്കാൻ ഇപ്പോഴും സമയമേറെ.

ടെലികോം അതോറിറ്റി ഓഫ് ഇന്ത്യയുടെ (ട്രായ്) കർണാടക - കേരള ഉപദേഷ്ടാവ്, സാമൂഹിക പ്രവർത്തകൻ, ബ്ളോഗർ, പുസ്തക രചയിതാവ് തുടങ്ങി ഒട്ടേറെ റോളുകളാണ് സിബിച്ചന്. എത്ര തിരക്കുകളുണ്ടെങ്കിലും പ്രാർഥനയ്ക്കും ബൈബിൾ പഠനത്തിനും കൃത്യമായി സമയം കണ്ടെത്തും. കാരണം വചനമാണ് സിബിച്ചന്റെ യാത്രകളിൽ ഇന്ധനമായിട്ടുള്ളത്. ജോലിയോടൊപ്പം ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങളിലും പങ്കാളിയായ സിബിച്ചൻ കുടുംബസമേതം ബാംഗ്ളൂരിൽ താമസിക്കുന്നു. തന്നെ നയിച്ച വിശ്വാസങ്ങളും പഠിച്ച ജീവിതപാഠങ്ങളും പങ്കുവയ്ക്കാൻ അദ്ദേഹം കെയ്റോസിനൊപ്പമിരിക്കുന്നു.

**കുട്ടിക്കാലത്ത് ലഭിച്ച ആത്മീയതയുടെയും മനുഷ്യസ്നേഹത്തിന്റെയും പാഠങ്ങൾ എന്തായിരുന്നു?**

ചെറുപ്പം മുതലേ ബൈബിളിനോട് എനിക്ക് അഗാധമായ ഒരു സ്നേഹമുണ്ടായിരുന്നു. ഈ സ്നേഹക്കൂടുതൽ മുഖേന ഞാൻ സെമിനാരിയിൽ ചേരുമോ എന്നൊരു തോന്നൽ എന്റെ വീട്ടുകാർക്കുണ്ടായിരുന്നു. അതിനാൽ ഒളിച്ചിരുന്നാണ് ഞാൻ ബൈബിൾ വായിച്ചിരുന്നത്. ആ നാളുകളിൽ പോസ്റ്റിലും പാറകളിലുമെല്ലാം വചനം എഴുതിവയ്ക്കുന്നത് എന്റെ ശീലമായിരുന്നു. കൂടാതെ വേ ഓഫ് ദ് ക്രോസ് എന്നപേരിൽ ഒരു കൈയെഴുത്തു ബുള്ളറ്റിനും പുറത്തിറക്കുമായിരുന്നു. അമ്മച്ചിയോ മറ്റുള്ളവരോ കാണുമെന്ന് പേടിച്ചിരുന്നതിനാൽ ഞാൻ തന്നെയായിരുന്നു അതിന്റെ പ്രധാന വായനക്കാരൻ.

ഒരിക്കൽ യേശു നിന്നെ സ്നേഹിക്കുന്നു എന്നെഴുതിയ ബാഡ്ജ് പോക്കറ്റിലണിഞ്ഞ് പോകുമ്പോൾ കൂലിവേലയ്ക്കു പോകുന്ന ഒരു ചേട്ടൻ എന്നോടു ചോദിച്ചു, യേശു നിന്നെ സ്നേഹിക്കുന്നുണ്ടെങ്കിലും മനുഷ്യർ നിന്നെ സ്നേഹിക്കുന്നുണ്ടോ? അതെന്നെ ഗൗരവമായി ചിന്തിപ്പിച്ചു. സുവിശേഷവത്ക്കരണവും മനുഷ്യസ്നേഹവും രണ്ടും വേറിട്ടതല്ല എന്ന തിരിച്ചറിവിലേക്ക് ഞാൻ വന്നു.

**സാമൂഹിക, ആത്മീയ പ്രവർത്തനങ്ങളുടെ തുടക്കം എങ്ങനെയായിരുന്നു?**

പാലാ സെന്റ് തോമസ് കോളജിലെ വിവിധ പ്രവർത്തനങ്ങളിൽ ഞാൻ സജീവമായിരുന്നു. സുകുമാർ അഴീക്കോടിന്റെ നവഭാരത വേദി, സിറിയക് തോമസ് സാറിന്റെ അക്രമരഹിത സാംസ്കാരിക വേദി, എൻഎസ്എസ്, ഐക്കഫ് എന്നിവയിലെല്ലാം പ്രവർത്തിച്ചു. ബൈബിൾ പഠനത്തോട് കൂടുതൽ ആവേശം തോന്നിയപ്പോൾ വേദപാഠ അധ്യാപനത്തിലേക്കു തിരിഞ്ഞു. മിഷൻലീഗിലും പ്രവർത്തിച്ചു.

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിലെ പഠനകാലത്ത് സമരങ്ങൾ നിറഞ്ഞുനിന്ന അന്തരീക്ഷമായിരുന്നു. ആ സമയത്ത് മൂല്യാധിഷ്ഠിതമായ ഒരു സംഘടന കോളജിൽ ഉണ്ടാകണമെന്ന ആശയം ഞാൻ മുന്നോട്ടുവച്ചു. എല്ലാവർക്കും അതിൽ താത്പര്യം തോന്നി. അങ്ങനെ കാത്തലിക് ആക്ടിവിറ്റീസ് സ്റ്റീയറിങ് ഗ്രൂപ്പ് എന്നൊരു സംഘടന ജനിക്കുകയും അതിലൂടെ ഒരു പാട് പ്രവർത്തനങ്ങൾ നടത്താൻ ദൈവം



*സിബിച്ചൻ മാത്യു കുടുംബത്തോടൊപ്പം*

എന്നെ ഉപയോഗിക്കുകയും ചെയ്തു. പ്രയർ ഗ്രൂപ്പ് തുടങ്ങാനും യൂത്ത് എൻകൗണ്ടർ ജീസസ് എന്ന മൂന്നുദിവസത്തെ പ്രോഗ്രാം, വിവിധ സെമിനാറുകൾ തുടങ്ങി ഒട്ടേറെ പരിപാടികൾ നടപ്പിലാക്കാനും സാധിച്ചു.

### റാങ്കുകളും മെഡലുകളും അംഗീകാരങ്ങളും എന്നും പിന്തുടർന്നിട്ടുണ്ടല്ലോ!

റോമ 8:28-ൽ പറയുന്നു, "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നൻമയ്ക്കായി പരിണമിപ്പിക്കുന്നു". കോളജിൽ പഠിക്കുന്ന സമയം മുതൽ ഈ വചനത്തിന്റെ ശക്തി എന്നെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

പ്രവർത്തനങ്ങളുടെ ആധിക്യം എന്റെ പഠനത്തെയും ജോലിയെയുമെല്ലാം ബാധിക്കുമോ എന്ന് പലരും സംശയിച്ചിരുന്നു. എന്നാൽ ദൈവത്തിന് എന്നെക്കുറിച്ചൊരു പദ്ധതിയുണ്ടായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ എം.എ.-ക്ക് ഒന്നാം റാങ്ക്, യു.ജി.സി ജെ.ആർ.എഫ്, കോമൺവെൽത്ത് ഫെല്ലോഷിപ് അടക്കമുള്ള സ്കോളർഷിപ്പുകൾ, തുടർന്ന് എം.ഫിൽ, പി.എച്ച്.ഡി., എൽ.എൽ.ബി., എം.ബി.എ . തുടങ്ങിയവയും കരസ്ഥമാക്കാൻ ദൈവം ഇട വരുത്തി. 1992-ലെ ബാച്ചിലെ ഐആർഎസ് (ഇന്ത്യൻ റവന്യൂ സർവീസ്) ആണു ഞാൻ. നാഷനൽ പൊലീസ് അക്കാഡമി, നാഷനൽ അക്കാഡമി ഓഫ് ഡയറക്ട് ടാക്സസ് തുടങ്ങിയ സിവിൽ സർവീസ് മേഖലകളിലെ ഗോൾഡ് മെഡലും ലഭിച്ചു.

### സിവിൽ സർവീസ് ജീവിതത്തിൽ വിശ്വാസത്തിന് വെല്ലുവിളികളുണ്ടോ?

ക്രിയാത്മകവും വൈവിധ്യം നിറഞ്ഞതുമാണ് ഈ മേഖല. ബാഹ്യഇടപെടലുകളില്ലാതെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ സാധിക്കുന്നുണ്ട്. വെല്ലുവിളികളും ബുദ്ധിമുട്ടുകളുമുണ്ട്. എങ്കിലും അതെല്ലാം ദൈവാനുഗ്രഹത്താൽ മനോഹരമായി ക്രമീകരിക്കപ്പെടുന്നുണ്ട്. ചില ഉറച്ച തീരുമാനങ്ങൾ എടുത്തപ്പോൾ മറ്റുള്ളവർക്ക് അസ്വസ്ഥത തോന്നിയിട്ടുണ്ടെങ്കിലും അതു ശരിയായിരുന്നെന്ന് പിന്നീട് അവർ എന്നോടു പറഞ്ഞിട്ടുണ്ട്. ക്രൈസ്തവൻ എന്ന നിലയിൽ ആരോടും അഹന്തയോടും ദാക്ഷിണ്യമില്ലാതെയും പെരുമാറരുത് എന്നതാണ് എന്റെ നയം. അതിനാൽ തന്നെ ഒപ്പം ജോലി ചെയ്യുന്നവരോട് വളരെ നല്ലൊരു ബന്ധം സൂക്ഷിക്കാൻ കഴിയുന്നുണ്ട്. ആനുവൽ പെർഫോമൻസ് റിപ്പോർട്ടിൽ നല്ല ഔട്ട്പുട്ട് സ്ഥിരമായി ലഭിക്കുന്നത് വലിയൊരു അംഗീകാരമായിത്തന്നെ ഞാൻ കാണുന്നു. ഔട്ട്സ്റ്റാൻഡിങ് ഓഫിസർ എന്ന ഗ്രേഡിങ്ങും ലഭിച്ചിട്ടുണ്ട്. പ്രോമിസ് ലെസ്, ഡെലിവർ മോർ എന്നതാണ് എന്റെ ആപ്തവാക്യം.

### ഔദ്യോഗിക ജീവിതത്തിന്റെ തിരക്കിൽ കുടുംബത്തോടൊപ്പം ചെലവഴിക്കാനും പ്രാർഥനയ്ക്കുമൊക്കെ സമയം എങ്ങനെ?

വ്യക്തിപരമായ പ്രാർഥന മുടക്കാറില്ല. രാത്രി ഉറങ്ങുന്നതിനുമുൻപുള്ള ആത്മപരിശോധന, എന്റെ ഭാഷയിൽ പറഞ്ഞാൽ ടൈം ഓഡിറ്റ്, എന്നെ മുഴുവനായും സ്കാൻ ചെയ്യാൻ അവസരമൊരുക്കുന്നു. ഇത് ദിനവും എന്നെ നവീകരിക്കുന്നതിനും ക്രിയേറ്റീവ് ആയിരിക്കാനും സഹായിക്കുന്നു. എന്റെ ജീവിതത്തിൽ അന്നും ഇന്നും ഏറ്റവും വലിയ പ്രചോദനം എന്റെ അമ്മയാണ്. ഇതെല്ലാം സ്വർഗത്തിലുള്ള ചാച്ചന്റെ പ്രാർഥനയാണെന്ന് അമ്മ എപ്പോഴും പറയും.




*മേക്കിങ് പീപ്പിൾ പേ: ദി ഇക്കണോമിക് സോഷ്യോളജി ഓഫ് ടാക്സേഷൻ എന്ന പുസ്തകത്തിന്റെ പ്രകാശനവേളയിൽ കർണാടക ഗവർണർ എച്ച്. ആർ. ഭരദ്വാജ്, മിസിസ് ഭരദ്വാജ്, മുൻ ചീഫ് ഇലക്ഷൻ കമ്മിഷണർ ടി.എസ്. കൃഷ്ണമൂർത്തി എന്നിവരോടൊപ്പം സിബിച്ചൻ മാത്യു (വലത്തേയറ്റം)*

എന്നും കുട്ടികളോടൊത്ത് സമയം ചെലവഴിക്കും. ഭാര്യയോടും മക്കളോടുമൊന്നിച്ച് യാത്ര പോകാൻ സമയം കണ്ടെത്താറുണ്ട്. ഭാര്യ Vanita Mathew (റാണി) ഡെർമറ്റോളജിസ്റ്റാണ്. മകൻ നിർമൽ 12-ലും മകൾ നീലിമ 8-ലും പഠിക്കുന്നു. കുടുംബത്തിന്റെ പിന്തുണ എനിക്ക് എന്നും വലിയ മുതൽക്കൂട്ടാണ്.

### ബ്ലോഗെഴുത്തിലേക്ക് തിരിഞ്ഞത് എങ്ങനെ?

ചെറിയൊരു റിലാക്സേഷൻ എന്ന നിലയിലാണ് ബ്ളോഗ് എഴുതിത്തുടങ്ങിയത്. ആനുകാലിക സംഭവങ്ങളും അനുഭവങ്ങളും ചേർത്ത് നർമത്തിലൊരു എഴുത്ത്. വായനക്കാരുടെ പ്രതികരണങ്ങളാണ് വീണ്ടുമെഴുതാൻ ആവേശമായത്.

വിശ്വസാഹിത്യകാരനായ പൗലോ കോയിലോ അദ്ദേഹത്തിന്റെ വെബ്സൈറ്റിൽ എന്റെ ഒരു ലേഖനത്തെപ്പറ്റി പരാമർശിച്ചത് വലിയൊരു സന്തോഷമാണ്. sibi-cyberdiary.blogspot.com എന്നതാണ് ബ്ലോഗ് വിലാസം.

മേക്കിങ് പീപ്പിൾ പേ: ദി ഇക്കണോമിക് സോഷ്യോളജി ഓഫ് ടാക്സേഷൻ ആണ് ഞാൻ എഴുതിയ പുസ്തകം.

### മറ്റു പ്രവർത്തനങ്ങൾ

ഐ.ആർ.എസ്. സോഷ്യൽ റെസ്പോൺസിബിലിറ്റി ഫോറം എന്ന കൂട്ടായ്മയിലൂടെ ഈ മേഖലയിലെ ഉദ്യോഗസ്ഥർ ചേർന്ന് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നേതൃത്വപരിശീലനം, സ്പോക്കൺ ഇംഗ്ളീഷ് ക്ളാസ്, കംപ്യൂട്ടർ പരിശീലനം എന്നിവ സൗജന്യമായി നടത്തിവരുന്നു. കൂടാതെ ഉച്ചഭക്ഷണം, യൂണിഫോം, ലൈബ്രറി, ഫീസ് തുടങ്ങിയവയ്ക്കായുള്ള സഹായങ്ങളും നൽകിവരുന്നുണ്ട്.

ബാംഗ്ലൂർ സെന്റ് തോമസ് അക്കാഡമി ഓഫ് റിസേർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ ആഭിമുഖ്യത്തിൽ സിവിൽ സർവീസ് പരിശീലനവും നൽകുന്നുണ്ട്.

### യുവജനങ്ങളോട് എന്താണ് പറയാനുള്ളത്?

ദൈവം നീതിമാനാണെന്ന് വിശ്വസിക്കുക. ഒരിക്കലും സ്വന്തം ജീവിതത്തെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യരുത്. ലക്ഷ്യം മുന്നിൽകണ്ട് കാര്യങ്ങൾക്ക് മുൻഗണനാക്രമം ഉണ്ടാക്കുക എന്നതാണ് പ്രധാനം. നല്ല ചിന്തകൾ നല്ല പ്രവൃത്തികളിലേക്കും നല്ല പ്രവൃത്തികൾ നല്ല ജീവിതരീതിയിലേക്കും നയിക്കും. എന്റെ വ്യക്തിപരമായ അനുഭവത്തിൽ ദൈവത്തിനായും മറ്റുള്ളവർക്കായും നാം ആത്മാർഥമായി ചെയ്യുന്ന കാര്യങ്ങൾക്ക് ദൈവം പതിൻമടങ്ങ് പ്രതിഫലം നൽകും.

ചിന്താരീതി വളരെ പ്രധാനമാണ്. 1 തെസ 5-6-ൽ പറയുന്നതുപോലെ അതിനാൽ മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്ന് സുബോധമുള്ളവരായിരിക്കാം ■

**KAIROS**

Name ..................................................

Address ..................................................

..................................................

Pin Code ..................................................

District ..................................................

Parish ..................................................

Zone ..................................................

Cellphone ..................................................

Email ..................................................

## ബൈബിൾ ഡയറി സ്വന്തമാക്കൂ, ₹ 190-ന്റെ കുറവ് നേടൂ!

ക്ലരീഷ്യൻസ് പബ്ലിക്കേഷൻസ് കെയ്റോസ് മാസികയ്ക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ ₹ 150 വിലയുള്ള ബൈബിൾ ഡയറി സൗജന്യമായി സ്വന്തമാക്കാൻ ഇതാ ഒരവസരം.

കെയ്റോസ് ത്രിവർഷ വരിക്കാരാകുക

3 × 180 = 540 + 150 = 690 − 500 = ₹ 190 കുറവ്.

## വേഗമാകട്ടെ!

പുതുവർഷത്തിന്റെ തുടക്കം ഹൃദയത്തെ തൊട്ടുണർത്തുന്ന നല്ല വായനയോടെയാകട്ടെ; കെയ്റോസ് മാസികയോടും ബൈബിൾ ഡയറിയോടുമൊപ്പം.

ഫോം പൂരിപ്പിച്ച് മണിഓർഡർ/ഡി.ഡി. സഹിതം കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ., എറണാകുളം എന്ന വിലാസത്തിൽ അയക്കുക.

ഡോ. സൂസി ജോസ്



# എന്തിനിങ്ങനെയൊരു ജീവിതം

എനിക്ക് ഈ ലോകത്തിൽ ഒന്നിനോടും സ്നേഹം തോന്നുന്നില്ല. മനുഷ്യരോടൊ, മൃഗങ്ങളോടൊ ഈ പ്രകൃതിയോടൊ, എന്തിന് എന്നോടു തന്നെയോ എനിക്ക് സ്നേഹമില്ല. മരിക്കാൻ ഭയമായതുകൊണ്ടുമാത്രം ജീവിക്കുന്നു. അതും നിസ്സംഗതയോടെ. വളരെ യാദൃച്ഛികമായി സംസാരിക്കാനിടയായ ഒരു കുട്ടിയുടെ വാക്കുകളാണിവ. എന്നിട്ടൊരു ചോദ്യം കൂടി. എന്നെപ്പോലെ ജീവിക്കാൻ ആഗ്രഹമില്ലാതിരുന്നിട്ടും ജീവിക്കേണ്ടിവരുന്ന കുട്ടികളില്ലേ ഇവർക്കൊക്കെ ഒരാശ്വാസവചനം എവിടെനിന്നു കിട്ടും?

1 യോഹന്നാൻ 4:7 ഇപ്രകാരം പറയുന്നു സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹശൂന്യമായി നിസ്സംഗതയോടെ ജീവിതത്തെ അഭിമുഖീകരിക്കുന്ന ഇന്നത്തെ കുട്ടികൾ ദൈവത്തെ അറിയുന്നില്ല എന്നതാണ് എല്ലാ അടിസ്ഥാന പ്രശ്നങ്ങൾക്കും കാരണമായി ഭവിക്കുന്നത്. മനുഷ്യൻ പ്രപഞ്ചത്തിലെ മറ്റെല്ലാ സൃഷ്ടവസ്തുക്കളിൽ നിന്നും ഏറെ വ്യത്യസ്തനാണല്ലോ. അവന് ഗ്രഹണശക്തിയും ഇച്ഛാശക്തിയും ദൈവദാനമായി ലഭിച്ചിട്ടുണ്ടല്ലോ. അതുപയോഗിച്ച് വിവേചനബുദ്ധിയോടെ സ്നേഹിക്കുകയോ സ്നേഹിക്കാതിരിക്കുകയോ ചെയ്യാം. വിമർശനാത്മകമായി വസ്തുനിഷ്ഠയോടെ സ്വയം അറിയാനും സ്വന്തം അസ്തിത്വത്തെക്കുറിച്ചന്വേഷിക്കാനും, സ്രഷ്ടാവിനെ തിരിച്ചറിയാനുമുള്ള കഴിവ് മനുഷ്യന് വേണ്ടുവോളം ഉണ്ട്. തന്റെ ജീവന്റെയും അസ്തിത്വത്തിന്റെയും മഹത്ത്വം മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുമ്പോഴാണ് ഒന്നിനോടും ഒരു മമതയോ അടുപ്പമോ ഇല്ലാതെ വരുന്നത്.

അനിയന്ത്രിത വികാരമാണ് നമ്മിൽ വിവേകത്തെക്കാൾ അധികമായി പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെയാണ് തന്നോടുതന്നെപോലും സ്നേഹം തോന്നാത്തത്. ഒരിക്കൽ മാത്രമേ ഈ ലോകത്ത് ജനിച്ചു ജീവിച്ച്, മരിക്കാൻ നമുക്കാവുകയുള്ളൂ. ആ യാഥാർഥ്യം മറന്നുകളയരുത്. ഫ്രഞ്ച് എഴുത്തുകാരനായ ലെയോൻ ബ്ലോയുടെ വാക്കുകൾ ഇപ്രകാരമാണ് 'ഏറ്റവും മോശമായ കാര്യം കുറ്റം ചെയ്യുക എന്നതല്ല. പിന്നെയോ ചെയ്യേണ്ടിയിരുന്ന നന്മ ചെയ്യാതിരിക്കലാണ്. അത് ഉപേക്ഷ എന്ന പാപമാണ്. അത് സ്നേഹിക്കാതിരിക്കുകയെന്നതല്ലാതെ മറ്റൊന്നല്ല.' നിങ്ങൾക്ക് തോന്നുന്ന നിരാശയും നിസ്സംഗതയും ജീവിതത്തോടുള്ള മടുപ്പും എല്ലാം തന്നെ നിങ്ങളാഗ്രഹിക്കുന്ന സ്വാതന്ത്ര്യം ആരോ എവിടെയോ വെട്ടിച്ചുരുക്കുന്നതായുള്ള നിങ്ങളുടെ തോന്നലുകളാണ്. അത്തരമൊരു വിചാരം ഉള്ളിൽ ഉടലെടുത്തു കഴിയുമ്പോൾ പിന്നെ ചുറ്റുമുള്ളവരെല്ലാം തന്റെ എതിരാളികളും ശത്രുക്കളുമായി നമുക്ക് തോന്നിത്തുടങ്ങും. ഏറ്റവും വലിയ എതിരാളിയും ശത്രുവുമായി ദൈവത്തെ തന്നെ നാം കണ്ടു തുടങ്ങും. എന്തുചെയ്താലും അവിടെയെല്ലാം വിലക്കുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. നിത്യ നരകത്തിലേക്ക് തള്ളിവിടാനായി കാത്തിരിക്കുന്ന ന്യായാധിപനായി ദൈവത്തെ കണ്ടു തുടങ്ങുമ്പോൾ ഏറ്റവും വലിയ ശത്രു സ്രഷ്ടാവു തന്നെയായി മാറുന്നു. ദൈവത്തിൽ നിന്നും, പതുക്കെ പതുക്കെ മനുഷ്യരിൽ നിന്നും എല്ലാം കൃത്യമായൊരു അകലം പാലിക്കാൻ ശ്രമിച്ചു തുടങ്ങും നമ്മൾ. പിന്നെ നിരാശയും പഴിചാരലും ഒഴിഞ്ഞുമാറലുമൊക്കെയായി ജീവിതം തള്ളിവിടുന്നു.

ആദ്യം തന്നെ ദൈവവുമായി അറ്റുപോയ സ്നേഹം പുനഃസ്ഥാപിക്കാൻ ശ്രമിക്കണം. ദൈവത്തെ അറിയാനും അറിഞ്ഞ് അടുത്തുജീവിക്കാനും ശ്രമിച്ചു തുടങ്ങാം. വചനാധിഷ്ഠിതമായ ജീവിതശൈലിയും കൗദാശിക ജീവിതത്തിലുള്ള ആഴപ്പെടലും, കൗൺസിലിംഗും ഒക്കെ ജീവിതത്തെ ഒരു പുതു രുചിയോടെ കാണാൻ പ്രാപ്തമാക്കും. അപ്പോൾ തന്നോടു തന്നെയും തനിക്കു ചുറ്റുമുള്ളതിനോടും ഒക്കെ സ്നേഹം തോന്നിത്തുടങ്ങും. ബോധപൂർവമായ ശ്രമങ്ങൾ ഇച്ഛാശക്തിയുള്ള ഒരുവനെ വിജയത്തിലെത്തിക്കും. ഒരിക്കൽ മാത്രം ലഭിക്കുന്ന ജീവിതം നിസ്സാര കാര്യങ്ങൾക്കുവേണ്ടി നഷ്ടമാക്കാതെ തനിക്കും കുടുംബത്തിനും സമൂഹത്തിനും ഏറ്റവും അമൂല്യമായ ഒരവസരമാക്കി മാറ്റണം. ജീവിതത്തെ സ്നേഹിച്ചു തുടങ്ങുക. മറ്റെല്ലാ നന്മകളും നമുക്കാവശ്യമായ സമയത്ത് ആവശ്യമായ തോതിൽ ദൈവം നമുക്ക് നല്കിക്കൊള്ളും. ശുഭചിന്തകൾ നമ്മുടെ മനസ്സിനെ നിയന്ത്രിക്കാനിടയാവട്ടെ. എല്ലാ നന്മകളും നേരുന്നു.

*സൂസി ചേച്ചി*

കവർസ്റ്റോറി



ശശി ഇമ്മാനുവേൽ



# ഒറ്റയ്ക്ക് ഇരിക്കുന്നവന്റെ ദൈവം

നാമജപങ്ങളും, ഈറനുടുത്ത ക്ഷേത്ര ദർശനങ്ങളും ചന്ദനത്തിന്റെ സുഗന്ധവും നിറഞ്ഞ ഒരു ബാല്യകാലമുണ്ടായിരുന്നു എനിക്ക്. പാരമ്പര്യത്തിന്റെ കാർക്കശ്യം അധികമില്ലായിരുന്നെങ്കിലും ക്രിസ്തീയതയോടും ക്രിസ്തുവിനോടും ഒരിക്കലും സമരസപ്പെടാൻ കഴിയാത്തവിധം എന്റെ കൗമാരം സമ്പുഷ്ടമായിരുന്നു.

മഴയുടെ നനവുള്ള ജൂൺമാസത്തിൽ മരണത്തിന്റെ മണം നിറഞ്ഞുനിൽക്കുന്ന ഒരു കാൻ

സർ ഹോസ്പിറ്റലിൽ നിസ്സഹായനായ ഒരു പ്ലസ്ടു വിദ്യാർഥിക്ക് മുമ്പിൽ ഒരു വാതിൽ കാണപ്പെട്ടു 'ദേവാലയം'. പരിചിതമല്ലാത്ത ഒരു ആരാധനാലയത്തിൽ ലോകത്തിന്റെ മുഴുവൻ സങ്കടങ്ങളും ഏറ്റുവാങ്ങിയ ഒരാളുടെ രൂപം, ക്രൂശിതനായ ക്രിസ്തു. (ഒരിക്കൽ മലയാളസാഹിത്യത്തിലെ വിസ്മയമായിരുന്ന ഖസാക്കിന്റെ ഇതിഹാസകാരൻ ഒ.വി. വിജയൻ പറഞ്ഞു: Jesus stands apart, the most sorrowful God, history ever has seen. അനേകരുടെ കണ്ണുനീർ ഉരുകിയൊലിച്ച ആശുപത്രിചാപ്പലിലെ ക്രൂശിതരൂപത്തിനു മുമ്പിൽ നിൽക്കുമ്പോൾ ആശ്വാസത്തിന്റെ ഒരു കുളിർക്കാറ്റ് തഴുകി കടന്നുപോയി. മുറിക്കപ്പെട്ട ക്രൂശിതൻ, മുറിവേറ്റപ്പോഴെല്ലാം ബലമായി മാറുകയായിരുന്നു. പിന്നെ സഹനത്തിന്റെ വൻതിര ആഞ്ഞടിച്ച ജീവിതയാത്രയിൽ ക്രിസ്തു അഭയതീരമായിരുന്നു, പ്രിയപ്പെട്ടവർ ഒന്നൊന്നായി ജീവിതയാത്രയിൽ തനിച്ചാക്കി യാത്രാമൊഴി പറഞ്ഞപ്പോഴും, പരാജയത്തിന്റെ കയ്പുനിറഞ്ഞ കാസ ഒറ്റയ്ക്കു മോന്തുമ്പോഴും, മുന്നോട്ടു തുഴയാനാവാതെ സാഗരമധ്യത്തിൽ തളർന്നുവീണപ്പോഴും ഒരു ക്രൂശിതരൂപത്തിന്റെ നിശ്ശബ്ദസാന്നിധ്യം കൂടെയുണ്ടായിരുന്നു. രണ്ടായിരാമാണ്ടിലെ ദുക്റാനതിരുനാളിന് വി. തോമസിന്റെ പാദസ്പർശമുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന മണ്ണിൽനിന്ന് ജ്ഞാനസ്നാനമേൽക്കുമ്പോൾ പേരിന്റെകൂടെ 'ഇമ്മാനുവേൽ' എന്നു തന്നെ ചേർക്കാൻ തീരുമാനിച്ചതിന്റെ കാരണം, അവൻ കൂടെയുണ്ടെന്ന് നിരന്തരം എന്നോടുതന്നെ പറയാനായിരുന്നു. എന്റെ 'ഇമ്മാനുവേലി'ന്റെ അർഥം ഒറ്റയ്ക്കിരിക്കുന്നവന്റെ ദൈവം എന്നാണു സുഹൃത്തേ...



പുതുവർഷത്തിന്റെ ചിന്തകൾ കുറിക്കാനിരിക്കുമ്പോൾ കഴിഞ്ഞ ഇരുപതുവർഷത്തിലധികമായി ജീവിതത്തിലെ നിസ്സാരതകൾപോലും നിറവേറ്റിത്തന്ന്, ഒരിക്കലും തള്ളിപ്പറയാതെ അണച്ചുപിടിക്കുന്ന ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റെന്തുപറഞ്ഞാലും അതു പൂർണമാകില്ലെന്ന ഉത്തമബോധ്യം ഉള്ളിലുണ്ട്.

## ഒരിക്കൽ മലയാളസാഹിത്യത്തിലെ വിസ്മയമായിരുന്ന ഖസാക്കിന്റെ ഇതിഹാസകാരൻ ഒ.വി. വിജയൻ പറഞ്ഞു:

## Jesus stands apart, the most sorrowful God, history ever has seen.

അന്താരാഷ്ട്രമാധ്യമശ്രദ്ധനേടിക്കഴിഞ്ഞ കാതലീൻ ഗിൽബർട്ട് എന്ന പെൺകുട്ടിയുടെ നിഷ്പാദുക കർമലീത്ത മഠത്തിലേക്കുള്ള പ്രവേശനം നമ്മെ ഓർമിപ്പിക്കുന്നത് ജീവിതത്തെ ഉപരിപ്ലവതകൾക്കപ്പുറം പൂർണതയിലേക്കു വിളിക്കുന്ന ക്രൂശിതന്റെ അനിഷേധ്യ സ്വാധീനത്തെയാണ്. ലൈഫ് സൈറ്റ് ന്യൂസിലെ ന്യൂയോർക്ക് ബ്യൂറോ ചീഫായിരുന്നു കാതലീൻ. ഇക്കഴിഞ്ഞ ഒക്ടോബറിൽ തൂലികയേക്കാൾ ശക്തി പ്രാർഥനയ്ക്കാണെന്നു കണ്ടെത്തി തന്റെ യൗവനം ക്രിസ്തുവിനു സമർപ്പിക്കുകയായിരുന്നു അവർ.

കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ കയ്പേറിയ വിഷംപോലെ ചുമക്കുന്ന ആധുനികയുവത്വത്തിന് ഈ പുതിയ വർഷത്തിൽ ഒരു കാര്യം മാത്രമാണ് യഥാർഥ പ്രത്യാശ തരുന്നത്. 'കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം ഒരിക്കലും അവസാനിക്കുന്നുമില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്' (വിലാപ 3:19-22).

ഈ പുതിയവർഷത്തിൽ നമുക്കു വേണ്ടത് മാനസാന്തരപ്പെട്ടവരുടെ മാനസാന്തരമാണ്. 'ദൈവം മാത്രം സംതൃപ്തി തരുന്നു' (God Alone Satisfies) എന്ന വി. തോമസ് അക്വിനാസിന്റെ വാക്കുകൾ നമ്മെ വെല്ലുവിളിക്കുന്നു, ഈ വിശ്വാസവർഷത്തിൽ ക്രിസ്തുവിനെ ജീവിതത്തിൽ Re-Discover ചെയ്യാനുള്ള ഒരു ദൗത്യം ഏവർക്കുമുണ്ട്. സുഹൃത്തേ, ഏതോ ഒരു ദേവാലയത്തിന്റെ നിശ്ശബ്ദതയിൽ ഒരു ക്രൂശിതരൂപം നിന്നെ കാത്തിരിക്കുന്നുണ്ട്. ഒരുപാട് നിന്നോട് സംസാരിക്കാൻ, ഒന്നു ചേർത്തണയ്ക്കാൻ അസ്സീസിയിലെ ഫ്രാൻസിസിനെയെന്നപോലെ... ■



**കവർസ്റ്റോറി**

ഡൊമിനിക് മാത്യു മുംബൈ

# പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല

പ്രത്യാശയെന്നത് പലപ്പോഴും ശുഭപ്രതീക്ഷയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഈ ശുഭപ്രതീക്ഷ എന്റെ ജീവിതത്തിൽ അധികമില്ലെന്നുതന്നെ പറയാം.

ഞാൻ എപ്പോഴും ഒരു നിരാശാവാദിയല്ല, പക്ഷേ, ഞാൻ ഒരു ശുഭാപ്തിവിശ്വാസിയുമല്ല. ജീവിതത്തിൽ സംഭവിക്കാവുന്നതും സംഭവിക്കാൻ സധ്യതയില്ലാത്തതുമായ എല്ലാത്തരം അശുഭകാര്യങ്ങളെക്കുറിച്ചും ചിന്തിക്കുന്നയാളാണ് ഞാൻ. പക്ഷേ, അത് എന്നെ പ്രത്യാശ ഇല്ലാത്ത ഒരു വ്യക്തിയാക്കുന്നില്ല. ശുഭപ്രതീക്ഷയുമായി ബന്ധപ്പെട്ടതാണെങ്കിലും പ്രത്യാശയെന്നത് വെറും ശുഭ പ്രതീക്ഷയല്ലെന്നാണ് എന്റെ വിശ്വാസം.

ശുഭപ്രതീക്ഷ ഒരു സ്വഭാവ സവിശേഷതയാണ്. എന്നാൽ പ്രത്യാശ ഒരു ദൈവികസുകൃതമാണ്. ശുഭാപ്തിവിശ്വാസിയാവുക എന്നത് നല്ലതാണ്, എന്നാൽ ശുഭാപ്തി വിശ്വാസം പ്രത്യാശയല്ല. അടുത്തനിമിഷം, അടുത്ത മണിക്കൂർ, അടുത്ത ദിവസം നല്ലതു മാത്രം സംഭവിക്കണമെന്ന് 'ശുഭാപ്തി വിശ്വാസം' ആഗ്രഹിക്കുന്നു. എന്നാൽ 'പ്രത്യാശ' വിശ്വസിക്കുന്നത് വേറൊന്നാണ് - സംഭവിക്കുന്നതെല്ലാം പ്രത്യക്ഷമായി അശുഭമോ തിന്മ പോലും ആണെങ്കിലും അത് നന്മയ്ക്കായി പരിണമിക്കുമെന്ന്. അത് ഊന്നിനിൽക്കുന്നത് അദൃശ്യവും, അമൂർത്തവും, സനാതനവുമായ ഒന്നിലാണ് - ദൈവത്തിൽ - ഇസ്രായേലിന്റെ പ്രത്യാശയായ ദൈവത്തിൽ (ജറെമിയ 14:8).

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രത്യാശയെ നിർവചിക്കുന്നത് ഇപ്രകാരമാണ്: "ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏതു സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം" (1817-ാം ഖണ്ഡിക). വിശ്വാസികളെല്ലാം ശുഭാപ്തിവിശ്വാസം ഉള്ളവരാകണമെന്നില്ല. എന്നാൽ ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനായി പ്രത്യാശ എന്ന പുണ്യം അവരിൽ നിവേശിപ്പിച്ചിരിക്കുന്നു. പ്രത്യാശ, മറ്റു ദൈവിക സുകൃതങ്ങളായ വിശ്വാസം, സ്നേഹം എന്നിവയോടൊപ്പം, വിശ്വാസികളെ ദൈവമക്കൾ എന്നനിലയിൽ പ്രവർത്തിക്കുന്നതിനും നിത്യജീവന് അർഹത നേടുന്നതിനും കഴിവുള്ളവരാക്കുന്നു (Ref. ccc ഖണ്ഡിക: 1813).

പ്രത്യാശയുടെ പരീക്ഷ സഹനമാണ്. എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നത് സഹനത്തിലേക്കാണ് (ഫിലിപ്പി 1:29). സഹനങ്ങൾ എനിക്ക് അപരിചിതം അല്ല. എന്റെ മകന്റെ ജനനം അത്തരം ഓർമകളിൽ ആദ്യം തെളിയുന്നതാണ്. ഗർഭകാലത്ത് ഭാര്യയുടെ ആരോഗ്യം വളരെ മോശമായി. ഹൈപ്പർടെൻഷനായിരുന്നു പ്രധാനപ്രശ്നം. എട്ടാംമാസമായപ്പോഴേക്കും പ്രശ്നങ്ങൾ ഗുരുതരമായി. ഒന്നുകിൽ ഭാര്യയോ, അല്ലെങ്കിൽ കുഞ്ഞോ, എനിക്കു നഷ്ടപ്പെടുമെന്ന് ഡോക്ടർമാർ പറഞ്ഞു. ചിലപ്പോൾ ഒരാളെയും കിട്ടാതിരിക്കാമെന്നും. സംഭവിക്കാവുന്ന ഏറ്റവും മോശമായ കാര്യങ്ങളെത്തന്നെയാണ് ഞാൻ മുന്നിൽകണ്ടത്. ഏറ്റവും ഭീകരമായത് നേരിടാനാണ് ഞാൻ തയാറായതും. എങ്കിലും ഇരുട്ടുമുറിയിലെ വെളിച്ചംപോലെ പ്രത്യാശ അപ്പോഴുമെന്നെ വിടാതെ നിന്നു. എട്ടാംമാസത്തിൽ ജനിച്ച മകനെയും ഭാര്യയെയും എനിക്കു തിരികെകിട്ടി. കുഞ്ഞിന്റെ ആര്യോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും



അതുമായി ബന്ധപ്പെട്ട മറ്റുപ്രതിസന്ധികളും ഇപ്പോഴും ജീവിതത്തെ അലട്ടുന്നുണ്ടെങ്കിലും കർത്താവിൽമാത്രം ആശ്രയിച്ചു മുന്നോട്ടു പോകുകയാണ്.

ജീവിതത്തിലെ എല്ലാ പരീക്ഷണഘട്ടങ്ങളിലും ദൈവം ഇടപെട്ട് ഞാൻ പ്രതീക്ഷിച്ചിരുന്ന അശുഭകാര്യങ്ങളെല്ലാം ഇല്ലാതാക്കും എന്നതാണ് എന്റെ പ്രത്യാശ. അവ സംഭവിച്ചാൽ പോലും അതിനെ നേരിടാനുള്ള ശക്തി ദൈവം തന്റെ കാരുണ്യത്താൽ എനിക്ക് നൽകി അത് തന്റെ ഉപരിമഹത്വത്തിനായി മാറ്റുമെന്നാണ് എന്റെ വിശ്വാസം. റോമ 5:4 ഇങ്ങനെ പറയുന്നു: "എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു" ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്നതാണ് നമ്മുടെ പ്രത്യാശ (റോമ 8:28).

വിശ്വാസികൾ എന്നനിലയിൽ, നിരാശയിലേക്കും പരിതാപത്തിലേക്കും നയിച്ചേക്കാവുന്ന പലതരം പരീക്ഷണഘട്ടങ്ങളും, നമുക്ക് നേരിടേണ്ടിവന്നേക്കാം. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നിടത്തോളംകാലം നാം സുരക്ഷിതരാണ് - നമ്മുടെ പ്രത്യാശ 'ജീവന്റെ കിരീടം' ലഭിക്കും എന്നതാണ് (യാക്കോബ് 1:12), ഇതുതന്നെയാണ് 'മഹത്വത്തിന്റെ കിരീടവും' (1 പത്രോസ് 5:4). ഈ പ്രത്യാശയാണ് നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം (ഹെബ്രാ. 6:19). ശുഭാപ്തിവിശ്വാസം നിരാശാവാദമായി മാറിയേക്കാം. എന്നാൽ തിരുവചനം പറയുന്നതുപോലെ - 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമ 5:5) ■



## കവർസ്റ്റോറി

ഫാ. ബോബി കട്ടിക്കാട്

# മൂന്നാംപക്കം

മുഴുവൻ വേദത്തിലേക്കും വച്ച് ഏറ്റവും പ്രതീക്ഷ തരുന്ന വാക്കതാണെന്നു തോന്നുന്നു: മൂന്നാം ദിനം. വരൂ, നമുക്കിനി ഭൂമിയോട് മൂന്നാംപക്കത്തിന്റെ സുവിശേഷം വിളിച്ചു പറയാം. ഹോസിയായുടെ പുസ്തകത്തിലാണ് ആ പദം നമ്മൾ ആദ്യം ശ്രദ്ധിക്കുന്നത്. അവൻ നമ്മളെ മരണത്തിന് വിട്ടുകൊടുത്താലും മൂന്നാംദിവസം ഉയിർപ്പിക്കും. എന്താണ് ഈ മൂന്നാം ദിനത്തിന്റെ പ്രത്യേകത. ഒരാൾ മരിച്ചാൽ മൂന്നുദിവസം കൂടി അയാളുടെ ആത്മാവ് അയാളോടൊപ്പം ഉണ്ടായിരിക്കുമെന്ന് യഹൂദർ കരുതിയിരുന്നു. അന്നുവരെ തുടർച്ചയായ പ്രാർഥന ഉണ്ടായിരുന്നു. എന്നാൽ, മൂന്നുദിവസങ്ങൾക്കു ശേഷം ശരീരം ജീർണിച്ചുതുടങ്ങും. ഇനി അയാളിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാനില്ല. അതുകൊണ്ടാണ് മൂന്നുദിനങ്ങൾക്കു ശേഷം സ്നേഹിതന്റെ ശവകുടീരത്തിലെത്തിയ യേശുവിനോട് അതുതന്നെ പറഞ്ഞ് ലാസറിന്റെ സഹോദരി വാവിട്ടുകരയുന്നത്. ചുരുക്കത്തിൽ മനുഷ്യന്റെ പ്രതീക്ഷകൾ തീരുന്നിടത്തു നിന്ന് ദൈവത്തിന്റെ ശരിയായ സമയം ആരംഭിക്കുന്നുവെന്നുള്ള വിശ്വാസത്തിന്റെ പേരാണ് മൂന്നാം ദിനം.

പുതിയ നിയമത്തിൽ പരാമർശിക്കപ്പെടുന്ന മൂന്നാം ദിനങ്ങളെല്ലാം തന്നെ ആത്മാവിന് ഊർജം തരുന്നവയാണ്. മൂന്നാം ദിവസം കുഞ്ഞിനെ തിരികെ കിട്ടിയ സംഭവത്തിൽ നിന്ന് ആരംഭിക്കുക. ഉൽസവപ്പറമ്പുകളിൽ കുഞ്ഞുങ്ങളെ കളഞ്ഞുപോയാൽ ഇക്കാലങ്ങളിൽപ്പോലും കിട്ടുമെന്ന് തീരെ ഉറപ്പില്ല. ഓരോ കുംഭമേളയ്ക്കു ശേഷവും കുറെയധികം കുഞ്ഞുങ്ങളെ കിട്ടുന്നതിന്റെ കണക്ക് വായിച്ചത് ഓർക്കുന്നു. വെറുതെയല്ല മേരിയിത്രയും പരിഭ്രാന്തയായത്. കളഞ്ഞുപോകുകയോ കൈവിട്ടുപോകുകയോ ചെയ്ത ബന്ധങ്ങൾ തിരികെ പിടിക്കാമെന്നുള്ളതിന്റെ സൂചനയാവണം മൂന്നാം ദിനം. പള്ളിയിൽ വച്ചു തിരികെ കിട്ടിയ ആ പന്ത്രണ്ടുവയസ്സുകാരൻ കുട്ടി. അകന്നുപോയ ബന്ധങ്ങളുടെ കണ്ണികൾ ആരെയാണ് നുറുക്കാത്തത്. കളഞ്ഞുപോയിടത്ത് മടങ്ങിപ്പോകാൻ നിങ്ങൾ തയ്യാറാവുകയാണെങ്കിൽ നിശ്ചയമായും നിങ്ങൾക്ക് അതൊക്കെ തിരികെ പിടിക്കാവുന്നതേയുള്ളൂ.

ക്രിസ്തുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നത് ആ സൂചനയോടുകൂടിയാണ്. മൂന്നാം ദിനം കാനായിൽ ഒരു വിവാഹാഘോഷം നടന്നു. ഇരുളുവീഴാവുന്ന സാഹചര്യത്തിലും പ്രതീക്ഷിക്കാൻ എന്തോ ചില കാര്യങ്ങൾ കടശിയിൽ ഉണ്ടാവും എന്ന പ്രതീക്ഷയാണ് ആ ചെറുപദം വായനക്കാരന് സമ്മാനിക്കുന്നത്. ഘടികാരമോ കലണ്ടറോ അല്ല മൂന്നാം ദിനത്തെ നിശ്ചയിക്കുന്നത്. ദൈവത്തിന്റെ നേരം എന്നു മാത്രമാണ് അർഥം. അതു പലപ്പോഴും നമ്മുടെ നേരത്തിന്റെ അവസാനത്തെ അതിരായിരിക്കും.

ചിലർക്കത് മൂന്നു സെക്കൻഡും മറ്റു ചിലർക്കത് മുപ്പതു സംവൽസരങ്ങളും ആയിരിക്കാം. മതപരമായ അനുഷ്ഠാന ക്ഷാളനങ്ങൾക്ക് വേണ്ടി കരുതിവച്ച കൽഭരണിയിലെ ജലമാണ് ക്രിസ്തു വീഞ്ഞാക്കിയത്. അന്നോളം മതത്തിന്റെ ധർമം പലപ്പോഴും അതായിരുന്നു, നിങ്ങളെ കഴുകി വെടിപ്പാക്കുക. കൃത്യമായി പറഞ്ഞാൽ ധാർമിക മതം. അതിനെ ആനന്ദത്തിന്റെയും, ആഘോഷത്തിന്റെയും അരൂപിയുടെയും അനുഭവമായി രൂപപ്പെടുത്തുകയാണ് ക്രിസ്തു ധർമം... മുറിഞ്ഞുപോകാവുന്ന ഒരു ആഘോഷച്ചരടിനെ കുറെക്കൂടി ബലപ്പെടുത്തി അവസാനംവരെ നല്ല വീഞ്ഞ് സൂക്ഷിച്ചുവച്ചെന്ന കേളിയുമായി ആ വിരുന്ന് ഓർമിക്കപ്പെടും.

ഘടികാരമോ കലണ്ടറോ അല്ല മൂന്നാം ദിനത്തെ നിശ്ചയിക്കുന്നത്. ദൈവത്തിന്റെ നേരം എന്നു മാത്രമാണ് അർഥം. അതു പലപ്പോഴും നമ്മുടെ നേരത്തിന്റെ അവസാനത്തെ അതിരായിരിക്കും

മൂന്നാം ദിവസം വീണ്ടെടുക്കാവുന്ന ശരീരത്തിന്റെ സ്നിഗ്ദ്ധതകളുമുണ്ട്. അവർക്കുള്ള സുവിശേഷവും അയാൾ മൂന്നാംപക്കമെന്നപ്രതീകത്തിലൂടെ വച്ചുനീട്ടുന്നുണ്ട്. ഒരു ദേവാലയമുറ്റത്തു നിന്നാണ് അയാൾ അതു പറഞ്ഞത്. ഈ ദേവാലയം തകർക്കുക. ഞാനതിനെ മൂന്നാം ദിനം പുനർനിർമിക്കാം. അവന്റെ കേൾവിക്കാർ ആർത്തു വിളിച്ചു; നാൽപത്താറു സംവൽസരം കൊണ്ട് ഉയർത്തിയ ദേവാലയം നീ തകർത്ത് മൂന്നു നാളുകൾ കൊണ്ട് വീണ്ടും പണിയുകയോ?

തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് അവൻ അത് പറഞ്ഞതെന്ന് അവർക്കു മനസ്സിലായില്ലയെന്ന് യോഹന്നാൻ കൂട്ടിച്ചേർക്കുന്നു. സ്വന്തം ഉടലിന്റെ നൈർമല്യങ്ങളിലേക്ക് ഒരാൾക്ക് മടങ്ങിപ്പോകാൻ ആകുമെന്നത് നമ്മുടെ കാലഘട്ടത്തിൽ എന്തൊരു സുവിശേഷമാണ്. പാനോപചാരങ്ങളിലും മയക്കുമരുന്നിന്റെ സൈക്കഡെലിക്ക് വർണങ്ങളിലും കുരുങ്ങിയവർക്കും ഈ വചനം സ്വാസ്ഥ്യമേകിയേക്കും.

പഴയ നിയമത്തിൽ നിന്ന് ഒരു മൂന്നാം പക്കം ക്രിസ്തു നമുക്കുവേണ്ടി ആവർത്തിക്കുന്നുണ്ട്. അത് മൂന്നു നാൾ മത്സ്യത്തിന്റെ ഉള്ളിൽ കഴിഞ്ഞ യോനായുടെ കഥയാണ്. ഒരു ദേശത്തേക്ക് കപ്പൽ കയറാൻ നിയോഗം കിട്ടിയ അയാൾ മറ്റൊരു ദേശത്തേക്കുള്ള കപ്പൽ കയറി എതിർദിശയിലേക്കു സഞ്ചരിക്കുന്നു. കപ്പലിലുണ്ടായ ചില അശുഭലക്ഷണങ്ങൾ അയാളെ കടലിൽ എറിയുന്നിടത്തോളമെത്തുന്നു. ഒരു തിമിംഗലം അയാളെ വിഴുങ്ങി. മൂന്നു ദിവസം തിമിംഗലത്തിനുള്ളിൽ ഇരിക്കുന്ന ഒരാളെ ഒന്നു സങ്കല്പിച്ചു നോക്കുക. അയാൾ, പൊതിഞ്ഞു നില്ക്കുന്ന ഇരുട്ടിനുള്ളിൽ പതുക്കെപതുക്കെ ഒരു മുനിപോലുമായേക്കും. മൂന്നു ദിവസം മാറിയിരിക്കാൻ ആവുമെങ്കിൽ എല്ലാം പുതിയൊരു ആന്തരിക പ്രകാശത്തിൽ പുനർനിർണയം ചെയ്യാനാവും. അപ്പോൾ ഓരോരുത്തർക്കും ലഭിക്കുന്ന വിവേകത്തിന്റെയും വിനയത്തിന്റെയും ആൾരൂപമാണ് യോനാ.

ഒടുവിലായി ഹല്ലേലൂയ്യാ ഗീതങ്ങളോടെ ഘോഷിക്കപ്പെടുന്ന ആ മൂന്നാംദിവസം. ചരിത്രത്തിൽ ഒരാളെയും അങ്ങനെ സംസ്കരിച്ചിട്ടുണ്ടാവില്ല. മുദ്രവച്ച, കാവലേർപ്പെടുത്തിയ ശവകുടീരം. ആ കല്ല് ആരു നമുക്കുവേണ്ടി മാറ്റിവയ്ക്കും തുടങ്ങിയ സന്ദേഹങ്ങളിൽകുരുങ്ങിപ്പോകാതെ ചില സ്ത്രീകൾ മൂന്നാം ദിവസം പുലരിയിലേ തോട്ടത്തിലേക്കു പോകുകയാണ്. അവിടെ കല്ലറ ശൂന്യമായിരുന്നു. അങ്ങനെ മരണവും പ്രത്യാശയുടെ അനുഭവമായി മാറി. ഏതൊരു നന്മയും മൂന്നു ദിവസത്തെ നിദ്രയ്ക്കുശേഷം അതിന്റെ വിജയമാഘോഷിക്കും. മണ്ണടരുകളിൽ വിശ്രമിക്കുന്ന വിത്ത് അതിന്റെ പച്ചിലനാമ്പുകളെ ഘോഷിക്കുന്നതുപോലെ. മൂന്നാം ദിവസം എല്ലാവരും ഉയിർത്തെഴുന്നേല്ക്കും. മനുഷ്യർ മൃതരായി ഗണിക്കപ്പെടുന്ന എല്ലാ ജീവിതസാഹചര്യങ്ങളിലും ജീവന്റെ ചടുലനൃത്തങ്ങൾ ഉണ്ടാകും. പ്രവാചകൻ കണ്ട അസ്ഥികൾ പൂക്കുന്ന താഴ്‌വരയുടെ പേരാണ് മരണം.

ഓരോയിടങ്ങളിലും ഒരു മൂന്നാം പക്കത്തെക്കുറിച്ച് മന്ത്രിക്കുകയാണ് വരുംകാലങ്ങളിൽ പ്രകാശത്തിന്റെ പ്രസാദം കിട്ടിയ ഏതൊരാളുടെയും ധർമം. ഒരു ദേവാലയത്തിൽ ദുഃഖവെള്ളിയിലെ ഉണർവു പ്രസംഗം ഇങ്ങനെ വിളിച്ചു പറഞ്ഞു. ഇന്ന് ദുഃഖവെള്ളി; അയാൾ നിലവിളിച്ചു മരിച്ചു. അപ്പോൾ ഉപാസകർ ആരവത്തോടെ ഇങ്ങനെ പ്രത്യുത്തരം നല്കും: മറ്റന്നാൾ അയാൾ ഉയിർത്തെഴുന്നേല്ക്കും. കുറെക്കൂടി ബലപ്പെട്ടവരായി അവർ ദേവാലയത്തിൽ നിന്നു മടങ്ങി.

'മൂന്നാം പക്കം' നല്ലൊരു മലയാളപടത്തിന്റെ പേരാണെന്ന് ചിലരെങ്കിലും ഓർക്കുന്നുണ്ടാകും, പത്മരാജന്റെ. കടപ്പുറത്തെ ഒരു വിശ്വാസമാണ് അതിന്റെ ആധാരം. കടലിൽ വച്ച് അപകടം സംഭവിച്ച ഒരാളെ മൂന്നാം നാൾ തിര അയാളുടെ തീരത്തേക്ക് കൊണ്ടുവരും. അതെത്ര ചെറിയ കാര്യമണെന്ന് ആലോചിച്ചാൽ പിടുത്തം കിട്ടാവുന്നതേയുള്ളൂ.

ചില പ്രതീക്ഷകളുടെ മൂലക്കല്ലിലാണ് ഓരോരുത്തരുടെയും ആന്തരികനവീകരണം സംഭവിക്കുന്നത്. വീണ്ടും പിറക്കാനുള്ള അയാളുടെ ക്ഷണം അത്തരം പ്രകാശങ്ങളിലേക്ക് മിഴി തുറക്കുന്നവർക്കേ ഗൗരവമായി എടുക്കാനാവൂ. എല്ലായിടത്തും വീണ്ടും പിറക്കേണ്ടതുണ്ട്. സർഗാത്മകജീവിതത്തിലും ഗാർഹിക തട്ടകങ്ങളിലും സൗഹൃദങ്ങളിലും തൊഴിലിലുമൊക്കെ ഓരോ ദിവസവും വീണ്ടും പിറക്കുന്നവർ എത്ര ചാരുതയുള്ളവരാണ്. ഉപയോഗിക്കാത്ത ഓട്ടുപാത്രങ്ങളെപ്പോലും ഓരോ ദിവസവും കഴുകിവൃത്തിയാക്കി വയ്ക്കുന്ന വീട്ടമ്മമാരെപ്പോലെ ഓരോ ദിവസവും സ്വയം നവീകരിക്കുന്നവർ. അവർക്കൊക്കെയാണ് ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ പുതുവൽസരങ്ങൾ സംഭവിക്കുന്നത്. ദൈവം പോലുമത് ചെയ്യുന്നുണ്ട്. അല്ലെങ്കിൽ, ഓരോ പുലരിയും അവിടുത്തെ സ്നേഹം പുതിയതാണെന്ന് വേദം സാക്ഷ്യപ്പെടുത്തുന്നത് എന്തുകൊണ്ടാണ്? ■

*(കടപ്പാട്: ഫാ. സുനി ശേഷടിമ)*

**ചില പ്രതീക്ഷകളുടെ മൂലക്കല്ലിലാണ് ഓരോരുത്തരുടെയും ആന്തരികനവീകരണം സംഭവിക്കുന്നത്. വീണ്ടും പിറക്കാനുള്ള അയാളുടെ ക്ഷണം അത്തരം പ്രകാശങ്ങളിലേക്ക് മിഴി തുറക്കുന്നവർക്കേ ഗൗരവമായി എടുക്കാനാവൂ**



## കവർസ്റ്റോറി

വിൽസൺ തറയിൽ, മുണ്ടൂർ, തൃശൂർ

# പ്രത്യാശ തന്നെ ജീവിതം

ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (മത്തായി 16.20) എന്ന കർത്താവിന്റെ വചനം എന്റെ ഹൃദയത്തിൽ ഞാൻ എപ്പോഴും താലോലിച്ചിരുന്നു. പലരും തങ്ങളുടെ ദൈവാനുഭവം പങ്കുവയ്ക്കുമ്പോൾ കർത്താവിൽ നിന്ന് ലഭിച്ച കുറേ ഭൗതിക നേട്ടങ്ങളാണ് പറയാറുള്ളത്. ഞാൻ പങ്കുവയ്ക്കുന്നത് എന്റെ ജീവിതത്തിലെ കഷ്ടതകളും. കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്ക് അവിടുന്ന് കുരിശിന്റെ വഴിയാണ് തരികയെന്ന ബോധ്യമുള്ളതുകൊണ്ട് എനിക്ക് ഒരിക്കലും നിരാശ ഉണ്ടായിട്ടില്ല.

മുപ്പതുവർഷമായി മുണ്ടൂരിൽ വൈകിട്ട് തട്ടുകട നടത്തുന്നതാണ് എന്റെ ജോലി. ഞാനും ഭാര്യ ലില്ലിയും കർത്താവ് ഞങ്ങൾക്ക് സമ്മാനമായി നൽകിയ എട്ടുമക്കളും അടങ്ങുന്ന കുടുംബത്തിന്റെ വരുമാനം ഈ തട്ടുകടയാണ്. ഇപ്പോൾ എന്റെ മുതിർന്ന മക്കളും ക്ളാസ് വിട്ടുവന്ന് തട്ടുകടയിൽ എന്നെ സഹായിക്കും.

ഡിഗ്രി മുതൽ മൂന്നാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ്. ഇത്രയും വലിയൊരു കുടുംബത്തെ ഒരു തട്ടുകട നടത്തി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നു എന്നത് പലരും എന്നോടു ചോദിക്കുന്നൊരു ചോദ്യമാണ്. പലരും രണ്ടുമക്കളെ തന്നെ വളത്താൻ പാടുപെടുകയാണെന്നാണ് അവർ പറയുന്നത്. ഞാൻ അവരോട് ഒന്നേ പറയാറുള്ളൂ. രണ്ടുമക്കളുള്ളപ്പോൾ നിങ്ങൾക്ക് തന്നെ അവരെ വളർത്താൻ കഴിഞ്ഞേക്കാം. പക്ഷേ, എനിക്കുള്ള മക്കളെ വളർത്താൻ ഞാൻമാത്രം വിചാരിച്ചാൽ നടക്കില്ല എന്നുറപ്പുള്ളപ്പോൾ ഞാൻ പൂർണമായും ദൈവത്തിൽ ആശ്രയിക്കും. അതുമാത്രമാണ് എന്റെ പ്രത്യാശ.

അനുദിന ജീവിതച്ചെലവുകളും കുട്ടികളുടെ പഠനവും തട്ടുകടയിലെ വരുമാനംകൊണ്ട് നടക്കും. എന്നാൽ രോഗങ്ങളും മറ്റ് അപ്രതീക്ഷിത ചെലവുകളും വരുമ്പോഴാണ് പ്രതിസന്ധിയിലാകുന്നത്. ഒരിക്കൽ ആറു മക്കൾക്കും ഒരുമിച്ച് മഞ്ഞപ്പിത്തം ബാധിച്ചു. രണ്ടുപേരെ അസുഖം കൂടിയതിനാൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടിവന്നു. ഒരാൾക്ക് രണ്ടാം നിലയിലും ഒരാൾക്ക് നാലാം നിലയിലുമായിരുന്നു ബെഡ് കിട്ടിയത്.

നാലുപേർ വീട്ടിൽ കിടപ്പായതുകൊണ്ട് ആശുപത്രിയിൽ ഞാൻതന്നെയായിരുന്നു. മുകളിലേക്കും താഴേക്കും പലകുറി കയറുകയും ഇറങ്ങുകയും ചെയ്യുന്ന എന്നെകണ്ട് ചിലർ അൽഭുതത്തോടെ ചോദിച്ചു, ഈ അവസ്ഥയിലും നിങ്ങൾക്കെങ്ങനെ ചിരിക്കാൻ കഴിയുന്നു?

പ്രതിസന്ധികളുടെ സമയങ്ങൾ പലപ്പോഴുമുണ്ടാകാറുണ്ട്. അപ്പോഴെല്ലാം ദൈവത്തിന്റെ ഇടപെടൽ ഞങ്ങൾ അനുഭവിക്കാറുമുണ്ട്. ആരോടും ഒന്നുചോദിക്കുകപോലും ചെയ്യാതെ തന്നെ സഹായം ഞങ്ങൾക്കുകിട്ടുന്നതായാണ് എന്റെ അനുഭവം. മൂത്തമകളുടെ വിവാഹം ദൈവം നേരിട്ട് നടത്തിയെന്നു പറയാനാണ് എനിക്കിഷ്ടം. വിവാഹത്തിന്റെ എല്ലാ ചെറുതും വലുതുമായ കാര്യങ്ങൾ ദൈവം നേരിട്ട് മേൽനോട്ടം വഹിച്ച് ആവശ്യമുള്ളതെല്ലാം നൽകി നടത്തുന്നപോലെയായിരുന്നു ആ അനുഭവം.

മക്കൾ കൂടുതലുണ്ടായപ്പോഴുള്ള സാമ്പത്തിക ഞെരുക്കങ്ങളും, കളിയാക്കപ്പെടലു

**രണ്ടുമക്കളുള്ളപ്പോൾ നിങ്ങൾക്ക് തന്നെ അവരെ  വളർത്താൻ കഴിഞ്ഞേക്കാം. പക്ഷേ, എനിക്കുള്ള മക്കളെ വളർത്താൻ ഞാൻമാത്രം വിചാരിച്ചാൽ നടക്കില്ല എന്നുറപ്പുള്ളപ്പോൾ ഞാൻ പൂർണമായും ദൈവത്തിൽ ആശ്രയിക്കും. അതുമാത്രമാണ് എന്റെ പ്രത്യാശ.**

കളും, ഒറ്റപ്പെടുത്തുന്ന രീതിയിലുള്ള വിമർശനങ്ങളും എന്നെ തളർത്തിയില്ല. അപ്പോഴും ഞാൻ പാടുമായിരുന്നു. "I Have decided to follow Jesus; No turning back" ഈ കാലമത്രയും ഞങ്ങളുടെ കുടുംബത്തിന് പിടിച്ചുനിൽക്കാനായത് പരിശുദ്ധ അമ്മയോട് ചേർന്നുള്ള ജപമാലറാലിയും അനുദിന വിശുദ്ധ കുർബാനയും, കൂദാശ സ്വീകരണവുമായിരുന്നെന്ന് തീർത്തു പറയാൻ കഴിയും. സമ്പത്തും, ആരോഗ്യവും, സമയവും പങ്കുവയ്ക്കുന്നതിൽ കുടുംബത്തോടും, സഭയോടും, സമൂഹത്തോടും ഞങ്ങൾ പ്രതിബദ്ധതയുള്ളവരാണ്. ജീസസ് യൂത്തിലും മറ്റ് നവീകരണ പ്രവർത്തനങ്ങളിലും സജീവമാണ്. ഞങ്ങളുടെ കുടുംബജീവിതമാതൃക പലരേയും ഈശോയിലേക്ക് അടുപ്പിക്കുവാൻ ഇടയാക്കിയെന്നറിയുന്നതിൽ ഞങ്ങൾ ആത്മാവിൽ ആനന്ദിക്കുന്നു. കുടുംബമായിത്തന്നെ വിശുദ്ധിയിലേക്കു യാത്രചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. പ്രതിസന്ധികൾ ഉണ്ടാകില്ലെന്നതല്ല ഞങ്ങളുടെ പ്രത്യാശ. അതിനെ തരണം ചെയ്യാൻ ദൈവം സഹായിക്കുമെന്നതാണ് ■

**കവർസ്റ്റോറി**

ജോർജ് ജോൺ

# നല്ലകാലം



കാലത്തെ ഇരുണ്ടതാക്കുന്നത് ആരാണ്? ചുറ്റുംതെളിയുന്ന നൻമയുടെ വെളിച്ചതുണ്ടുകൾക്കുനേരെ കണ്ണുകൾ ഇറുക്കിയടയ്ക്കുന്നവരല്ലേ?

കൊയിലാണ്ടിക്കാരൻ യൂനിസിന്റെ മുഖം മറക്കാനാകുന്നില്ല.. ഇക്കാലത്തെ യുവാക്കളുടെ കണ്ണിലും കരുണ വിരിയും എന്ന് എന്നെ പഠിപ്പിച്ചയാളാണ് ഈ യൂനിസ്. വലിയൊരു പാലിയേറ്റിവ് കെയർ ശൃംഖലയുടെ തുടക്കക്കാരിൽ പ്രധാനി. ഡിഗ്രിപഠനം മുതൽ പ്രായംചെന്നവർക്കും കിടപ്പുരോഗികൾക്കുമായി ശുശ്രൂഷകൾ ചെയ്തുപോന്നു. അതുപിന്നെ വലിയൊരു കനിവിന്റെ നദിയായി ഒഴുകി. ഒരുപാടുപേർ ഒപ്പം ചേർന്നു. അങ്ങനെ എത്രയെത്രപേരുടെ വേദനയകറ്റി.. എത്രയെത്ര പേരുടെ ഏകാന്തതയിൽ ജീവൻ കലർത്തി... ജീവിതത്തിൽ പ്രത്യാശ പരത്തി... ഇന്ന് കേരളത്തിൽ തന്നെ യൂനിസിനെ പോലെ പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കായി സമയം മാറ്റിവയ്ക്കുന്ന ഒട്ടേറെ ചെറുപ്പക്കാരുണ്ട്. അവരെ കാലത്തിന്റെ പ്രതീക്ഷകളെന്നല്ലാതെ എന്താണ് നാം വിളിക്കുക.

സഹജീവികൾക്കായി സ്വന്തം ശരീരത്തിലെ അവയവങ്ങൾതന്നെ പകുത്തുകൊടുക്കാൻ എത്രയോ പേർ തയാറാകുന്ന കാലമാണിത്. ഫാ. ഡേവിസ് ചിറമേൽ, കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി തുടങ്ങിയ ചിലർ മാതൃക കാണിച്ചുമുന്നോട്ടുവന്നപ്പോൾ എത്രപേർക്കാണ് പ്രത്യാശയുടെ പാത തുറന്നുകിട്ടിയത്.

ശസ്ത്രക്രിയകൾക്കും മറ്റുചികിൽസാ ചെലവുകൾക്കും പണമില്ലാത്തവരെ സഹായിക്കാൻ നമ്മുടെ കാലഘട്ടത്തിനുള്ള ആവേശം അംഗീകരിക്കപ്പെട്ടേമതിയാകൂ. എത്രയോ സംഭവങ്ങളാണ് നാം മാധ്യമങ്ങളിൽ കാണുന്നത്.

കുട്ടികൾ ചെയ്യുന്ന കൊച്ചുകാര്യങ്ങൾ കാണുക. സഹപാഠികൾക്കു പുസ്തകം വാങ്ങിക്കൊടുക്കാൻ മുതൽ വീടുപണിയാനും മാതാപിതാക്കളുടെ ചികിൽസ നടത്താനും വരെ സ്കൂൾ കുട്ടികൾ കൈകോർക്കുന്ന വാർത്തകൾ കാണുമ്പോൾ അവർക്കുനാം ഹൃദയംകൊണ്ട് ഒരായിരം തവണ കൈകൊടുത്തുപോകും. ഇക്കാലത്തിന്റെ പുണ്യമാണ് ഈ കുരുന്നുകളെന്നു പറഞ്ഞുപോകും.

കളഞ്ഞുകിട്ടിയ പതിനായിരങ്ങളുടെ പൊതി ഓട്ടോ ഡ്രൈവർ ഉടമയെത്തേടിച്ചെന്ന് തിരിച്ചുകൊടുത്തെന്ന് പത്രത്തിൽ വായിക്കുമ്പോൾ അടുത്തിരിക്കുന്ന മോഷണവാർത്തയുടെ കയ്പ് അൽപം കുറയില്ലേ.?

ആ ഓട്ടോക്കാരൻ മകളുടെ ആശുപത്രിച്ചെലവിന് കടംവാങ്ങാനായി ഓടിനടക്കുന്നതിനിടെയിലാണ് ഇത് ചെയ്തതെന്നുകൂടി കേൾക്കുമ്പോഴോ? കണ്ണുനിറയുന്നെങ്കിൽ ചങ്ങാതി, ഇപ്പോഴും നമ്മളൊക്കെ മനുഷ്യരാണ്.

കണ്ണൂരുകാരൻ സുനേഷിന്റെ കൂടെ അടുത്തിടെ ഒരു കല്യാണത്തിനുപോയിരുന്നു. ഭക്ഷണവും കഴിച്ച് ടൗണിലേക്ക് നടന്നപ്പോൾ അദ്ദേഹം ഒരു ഹോട്ടലിൽ കയറി. തെല്ലൊരു ആശ്ചര്യത്തോടെനോക്കിയപ്പോൾ ചിക്കൻബിരിയാണി പാഴ്സൽ വാങ്ങുകയാണ്. വിവാഹത്തിനുശേഷം ഭാര്യയെക്കൂടാതെ ഏതൊക്കെ കല്യാണത്തിനുപോയാലും അവിടത്തെ ഭക്ഷണം ഭാര്യയ്ക്കു ഹോട്ടലിൽനിന്നു വാങ്ങിക്കൊടുക്കുന്നത് അദ്ദേഹത്തിന്റെ നിഷ്ഠയാണത്രേ. നമിച്ചുപോയി, സുനേഷ് നിങ്ങൾ ഒരു വഴിവിളക്കാണ്. അതുപോലെ ഭാര്യയില്ലാതെ തീയറ്ററിൽ സിനിമ കാണാത്ത ഷാജനും ഭാര്യയെ കൂടാതെ ഉല്ലാസയാത്രകൾ പോകാത്ത രമേഷുമെല്ലാം നൽകുന്നത് ചില സന്ദേശങ്ങളല്ലേ...

അതൊരു മണ്ഡലകാലമായിരുന്നു. എംസിറോഡിലൂടെ വടക്കോട്ടുള്ള യാത്രയിൽ വലതുവശത്തുകണ്ട ഒരുകാഴ്ച ജീവിതത്തിൽ കണ്ടതിലുംവച്ച് കുളിരുള്ളകാഴ്ചകളിലൊന്നാണ്. ഒരു പള്ളിമുറ്റത്തെ പുൽത്തകിടിയിൽ സ്വസ്ഥമായിരുന്ന് ശബരിമലയാത്രികർ ഭക്ഷണംകഴിക്കുന്നു. ചിലർ തണലിൽ ക്ഷീണമകറ്റുന്നു.

ആ ദൃശ്യം കണ്ണിൽനിന്നുമറയുന്നതുവരെ നോക്കിയിരുന്നു. അപ്പോഴാണ് ഓർത്തത് അതൊരു നോമ്പുകാലവുമായിരുന്നു.

സിലബസിലില്ലാത്ത ചോദ്യങ്ങൾ മാത്രമാണ് ആ പരീക്ഷയ്ക്കു ചോദിച്ചത്. പുസ്തകം നോക്കിയെഴുതിക്കൊള്ളൂ എന്ന് ആ സാഹചര്യത്തിൽ അധ്യാപകർപോലും പറഞ്ഞു. എന്നിട്ടും കോപ്പിയടിക്കില്ലെന്ന തീരുമാനത്തിൽനിന്നുമാറാതെ തോൽവി ഏറ്റുവാങ്ങി ഒരുവർഷം നഷ്ടപ്പെടുത്തിയ ഒരു സുഹൃത്ത് എനിക്കുണ്ട്. കൈക്കൂലി കൊടുക്കില്ലെന്ന വാശിയിൽ വർഷങ്ങളോളം വൈദ്യുതി ലഭിക്കാതിരുന്ന ഗൃഹനാഥനെയും അറിയാം. വിദേശനിർമിത ശീതളപാനീയങ്ങൾ കുടിക്കില്ലെന്ന് പ്രതിജ്ഞയെടുത്ത യുവാവിനെ ഗാന്ധിജിയെന്ന് സമപ്രായക്കാർ വിളിച്ചപ്പോൾ അത് വലിയൊരു അംഗീകാരമായി കരുതുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. പുതിയ കാലത്തിന്റെ ആദർശങ്ങൾ ഇതൊക്കെയല്ലേ.

**കളഞ്ഞുകിട്ടിയ പതിനായിരങ്ങളുടെ പൊതി ഓട്ടോ ഡ്രൈവർ ഉടമയെത്തേടിച്ചെന്ന് തിരിച്ചുകൊടുത്തെന്ന് പത്രത്തിൽ വായിക്കുമ്പോൾ അടുത്തിരിക്കുന്ന മോഷണവാർത്തയുടെ കയ്പ് അൽപം കുറയില്ലേ.?**

കുഞ്ഞുങ്ങൾക്ക് തിരിച്ചറിവാകുന്നതുവരെ അവരോടൊത്തായിരിക്കുവാൻ ജോലിവേണ്ടെന്നുവയ്ക്കുന്ന അമ്മമാർ തലമുറയോടുചെയ്യുന്ന നന്മ എത്രവലുതാണ്. നല്ല പഠിപ്പും മികച്ച ജോലിയുമുള്ള എത്രയോ അമ്മമാരാണ് ഇന്ന് ഇത്തരത്തിൽ ഇടവേളയെടുക്കുന്നത്. അതുപോലെതന്നെ വേദന സഹിച്ചായാലും നോർമൽ പ്രസവം മതി എന്ന് ശാഠ്യം പിടിച്ച ഇരുപത്തഞ്ചിൽ താഴെ പ്രായമുള്ള അഞ്ച് അമ്മമാരെയെങ്കിലും എനിക്കറിയാം. സിസേറിയനുകൾ കൂടുന്നു എന്ന് പറഞ്ഞ് ധാർമികരോഷം കൊള്ളുന്നവർ ഇതുപോലെയുള്ളവരെ ഒന്നുകണ്ട് അഭിനന്ദിക്കുന്നതാകും കൂടുതൽ നല്ലത്.

ഐഐടിയിൽ പഠിച്ചിറങ്ങിയ മിടുക്കൻ ഗ്രാമീണമേഖലയിലെ പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്ന എൻജിഒയിൽ സേവനത്തിനായി പോകുന്നു എന്ന് കേൾക്കുമ്പോൾ അത് എൻജിഒ വഴി കൂടുതൽ പണംതട്ടാനായിരിക്കുമെന്ന് ഒന്നുംചിന്തിക്കാതെ പറഞ്ഞുകളയരുത്. അങ്ങനെയും ചിലരുണ്ട്. നാം കാണാഞ്ഞിട്ടാണ്. പ്രൈവറ്റ് ആശുപത്രികളിൽനിന്നും പലകുറി വിളിവന്നിട്ടും സർക്കാർ ആശുപത്രിയിലേ ജോലിചെയ്യൂ എന്ന് നിർബന്ധമുള്ള ഡോക്ടറെ കെയ്റോസ് തന്നെ പരിചയപ്പെടുത്തിയിട്ട് അധികമായില്ലല്ലോ.

സാധാരണക്കാരുടെ ഇടയിൽമാത്രമല്ല, സെലിബ്രിറ്റികളുടെ ഇടയിൽനിന്നും പ്രത്യാശയുടെ കിരണങ്ങൾ പൊഴിയുന്നുണ്ട്. പെൺഭ്രൂണഹത്യ, സ്ത്രീധനം, അഴിമതി തുടങ്ങിയ ജീർണതകൾക്കെതിരെ രാജ്യത്തെ താരരാജാക്കൻമാരിലൊരാൾ അവതരിപ്പിക്കുന്ന റിയാലിറ്റിഷോ പാർലമെന്റിൽപോലും ചർച്ചയാകുമ്പോൾ നമുക്ക് തോന്നുകയാണ് നന്മകൾക്ക് ഇപ്പോഴും സാധ്യതയുണ്ടെന്ന്.

അടുത്തുകാലത്ത് കണ്ടതിൽ കരയിച്ച ഒരു മലയാള സിനിമയുണ്ട്. ജയരാജിന്റെ ലൗഡ് സ്പീക്കർ. പണത്തിനായി കിഡ്നി വിൽക്കാൻ വന്ന മൈക്ക് കിഡ്നി നൽകി പണംവാങ്ങാതെ മടങ്ങുകയാണ്. പറയുന്ന കാരണമാണ് കരയിക്കുന്നത്. കൂട്ടുകാരനോട് എങ്ങനെയാ പൈസ വാങ്ങുന്നതെന്ന്. സ്നേഹത്തിന്റെ നാട്ടിൽ കൊടുക്കൽ വാങ്ങലുകളെല്ലാം സൗജന്യമാണെന്ന് ഇതിലും മനോഹരമായി എങ്ങനെ പറയും? മദ്യത്തിനെതിരെ ഒരു മുഴുനീള സിനിമയെടുക്കാൻ ഒരു പ്രമുഖ സംവിധായകൻ തയാറാകുന്നതും പ്രേക്ഷകർ അത് സ്വീകരിക്കുകയും ചെയ്യുന്നതുകാണുമ്പോൾ ഇപ്പോഴും തൂക്കംകൂടുതൽ നന്മയ്ക്കുതന്നെയെന്നല്ലേ ഉറപ്പിക്കേണ്ടത്. ഇത്തരത്തിലുള്ള ചില സിനിമാക്കാഴ്ചകൾ മതി ഇതുവരെക്കണ്ട അനേകം ചവറുകളെ മറന്നുതള്ളാൻ.

ഇല്ല, ഭൂമി ഇനിയും ജീവിക്കാൻ കൊള്ളാത്തവിധം മോശമായിട്ടില്ല. ഒരു കൊച്ചുജീവിതത്തിനു ചുറ്റും ഇത്രയും നന്മകൾ നടക്കുന്നുണ്ടെങ്കിൽ എല്ലാവരുടെയും ചുറ്റും എത്രമാത്രമുണ്ടാകും. ഈ ലേഖകൻ കേട്ടിട്ടില്ലാത്തതും ഇവിടെ എഴുതാൻ കഴിയാത്തതുമായ എത്രകോടിപ്പുണ്യങ്ങളാണ് നമുക്ക് പ്രത്യാശപകരുന്നത്?

ഇവിടെ ഇനിയും സ്വപ്നങ്ങൾ ശേഷിക്കുന്നുണ്ട്. ഓരോ പ്രഭാതത്തിലും നാം ഇങ്ങനെയാണ് ചിന്തിക്കേണ്ടത്. ഇന്നും എന്തൊക്കെയോ നന്മകൾ നടക്കാനിരിക്കുന്നുണ്ട്.

ഇന്നലെവരെ കരഞ്ഞിരുന്ന ആരൊക്കെയോ ഇന്ന് ചിരിച്ചുതുടങ്ങും.

എവിടെയോ നടന്നുവന്ന ഒരു യുദ്ധം ഇന്ന് അവസാനിക്കും

എവിടെയോ വീണുപോയ രോഗി ഇന്നു നടന്നുതുടങ്ങും

എവിടെയോ ഒരു ഭാര്യയും ഭർത്താവും തമ്മിൽ നഷ്ടപ്രണയം വീണ്ടും തുടങ്ങും

ആരൊക്കെയെ ആരുടെയൊക്കെയോ കടങ്ങളെഴുതിത്തള്ളും

ആരൊക്കെയോ ആരോടൊക്കെയോ ഇന്ന് ക്ഷമിക്കും

ആരൊക്കെയോ, എവിടെയൊക്കെയോ ഇന്ന് ക്രിസ്തുവിനെ കണ്ടുമുട്ടും ■

# ജയിക്കാൻ പഠിക്കാം

ജിന്റോ മാത്യു

# അഭിരുചിക്കു ചേർന്ന പഠനം

'അഭിരുചിക്കു ചേർന്ന പഠനം' ഇന്ന് വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ കേൾക്കുന്ന വാക്കാണ്. കാലാകാലങ്ങളായി നമ്മൾ പഠിച്ചിരുന്ന പാരമ്പര്യ വിഷയങ്ങൾ പുറകിലേക്കുമാറി, തൊഴിലധിഷ്ഠിത, പുത്തൻ തലമുറ (New Generation) കോഴ്സുകൾ വളരെ പ്രചാരം നേടിയിരിക്കുന്നു. അഞ്ചു വർഷം മുൻപ് പത്താംതരം ജയിച്ചു വരുന്ന ഒരു കുട്ടിക്കുണ്ടായിരുന്ന അവസരങ്ങളേക്കാൾ പതിന്മടങ്ങ് അവസരങ്ങൾ ഇന്നത്തെ വിദ്യാർഥിക്കുണ്ട്. ഈ സാഹചര്യത്തിൽ അഭിരുചിക്കിണങ്ങാത്ത ഒരു തിരഞ്ഞെടുപ്പ് പണവും സമയവും ഭാവിയെത്തന്നെയും പാഴാക്കിയേക്കാം.

**എന്താണ് അഭിരുചി?**

ഇത് അടിയുറച്ചിരിക്കുന്നത് മൂന്നു പ്രധാന തത്ത്വങ്ങളിലാണ്.

1. അറിവ് (Knowledge)
2. കഴിവ് (Skill)
3. മനോഭാവം (Attitude)

ഇതു മൂന്നിന്റെയു കൃത്യമായ കൂടിച്ചേരലാണ് ഒരു യഥാർഥ അഭിരുചി എന്നു പറയാം. ഇവയുടെ പരസ്പരമുള്ള ഏറ്റക്കുറച്ചിലാണ് ഒരാളുടെ കരിയർ വിജയകരമാണോ അല്ലയോ എന്നു തീരുമാനിക്കുന്നത്.

അറിവ്:- നമ്മൾ തിരഞ്ഞെടുക്കുന്ന മേഖലയെക്കുറിച്ചുള്ള വ്യക്തമായ അറിവ് വളരെ പ്രധാനപ്പെട്ടതാണ്. എം.ബി.എ. ഫൈനാൻസ് പഠിക്കാൻ കേരളത്തിലെ ഒരു പ്രശസ്തമായ കോളജിൽ അഡ്മിഷൻ കിട്ടിയ ഒരു കുട്ടിയെ പരിചയപ്പെട്ടതോർക്കുന്നു. എന്തുകൊണ്ടാണ് ഫൈനാൻസ് എടുക്കുന്നതെന്ന ചോദ്യത്തിന് ഡാഡി പറഞ്ഞു എന്നായിരുന്നു ഉത്തരം. പത്താംതരത്തിനുശേഷം ഒരിക്കലും കണക്കും സ്റ്റാറ്റിറ്റിക്സുമായി ഒരു തരത്തിലുമുള്ള ബന്ധമില്ലാത്ത ആ കുട്ടിയുടേത് ഒരു തെറ്റായ തീരുമാനം ആയേക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ഒരു വിഷയം എടുക്കാൻ തീരുമാനിക്കുമ്പോൾ ആ വിഷയത്തിനോട് എത്രമാത്രം അറിവ് എനിക്കുണ്ടെന്ന് നിരീക്ഷിക്കുക. ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം മേഖലകളെക്കുറിച്ച് എനിക്കറിയാം. ഇതു പഠിച്ചുകഴിഞ്ഞാൽ തിരഞ്ഞെടുക്കാൻ പറ്റുന്ന വിവിധ സാധ്യതകളെക്കുറിച്ച് ശരിയായ അറിവുണ്ടോ? താൻ പഠിച്ച വിഷയങ്ങളുമായി എത്രമാത്രം ഇതിനെ ബന്ധപ്പെടുത്താൻ പറ്റുന്നു തുടങ്ങിയവയെല്ലാം ചിന്തിക്കേണ്ടതുണ്ട്. നമുക്ക് താത്പര്യം തോന്നിയ, അടുപ്പം തോന്നിയ ഗവേഷണത്വര തോന്നിയ വിഷയങ്ങളാകാം ഒരു പരിചയവുമില്ലാത്ത വിഷയങ്ങളെക്കാൾ നല്ലത്.

കഴിവ്: ഒരിക്കൽ വ്യക്തിപരമായി എന്നോടു സംസാരിച്ച ഒരു നഴ്സിങ് വിദ്യാർഥിനിയുടെ അനുഭവം ഓർക്കുന്നു. 'ക്ഷമയോടെ' ചെയ്യുന്ന സ്വഭാവം അവൾക്കില്ല. പെട്ടെന്നു ദേഷ്യം വരുന്ന, ഒരു കാര്യത്തിലും ഒരു പരിധിയിലധികം ശ്രദ്ധിക്കാൻ കഴിയാത്ത ഈ പെൺകുട്ടിക്ക് പല തിക്താനുഭവങ്ങളും പഠനത്തിനിടയിൽ തന്നെ ഉണ്ടായി. പക്ഷേ അവൾക്ക് തിരിച്ചു പോകാനാവില്ല. കാരണം നാലു വർഷം ധാരാളം പണം മുടക്കി പഠിച്ചു. ഇനി ഒരു മടങ്ങിപ്പോക്ക് സാധ്യമല്ലല്ലോ.

പലപ്പോഴും പഠനം ആരംഭിച്ചു കഴിയുമ്പോഴാണ് മനസ്സിലാകുക ഇതു ചെയ്യാനുള്ള കഴിവ് തനിക്കില്ലെന്ന്. രക്തം കണ്ടാൽ തല കറങ്ങുന്നവർ എം.ബി.ബി.എസിനും നഴ്സിങ്ങിനും പോകുന്നതും, ലോജിക് ഏഴ് അയലത്തുപോലും പോകാത്തവർ കംപ്യൂട്ടർ പ്രൊഫഷണൽ ആകാൻ ശ്രമിക്കുന്നതും, ഒരു ക്രിയേറ്റിവിറ്റിയും ഇല്ലാത്തയാൾ വിഷ്വൽ കമ്യൂണിക്കേഷൻ/ഗ്രാഫിക്സ് പഠിക്കുന്നതും എല്ലാം നമ്മുടെ മുൻപിൽ ഉദാഹരണമായി നിൽക്കുന്നു.

നമുക്കു ചെയ്യാൻ പറ്റുന്ന കാര്യമേ പഠിക്കാവൂ. കൃത്യമായി ഒരു സ്വയം പഠനം നടത്തിയാൽ ഈ മേഖലയിൽ തനിക്കു കഴിവുണ്ടോ എന്ന് ഓരോരുത്തർക്കും തിരിച്ചറിയാവുന്നതേയുള്ളൂ.

മനോഭാവം:- എല്ലാത്തരം വളർച്ചയ്ക്കും ഏറ്റവും ആവശ്യമുള്ളതും ആളുകളിൽ ഏറ്റവും കുറവുള്ളതുമായ ഒന്നാണ് 'നല്ല മനോഭാവം'. ഒരു നല്ല കരിയർ തെരഞ്ഞെടുക്കാൻ ഏറ്റവും അത്യാവശ്യം ഒരു നല്ല മനോഭാവമാണ്. ഏതു സാഹചര്യത്തെയും നമുക്ക് അനുകൂലമാക്കാൻ നല്ലൊരു മനോഭാവത്തിനു പറ്റും മുകളിൽ പറഞ്ഞ കഴിവിന്റെയും, അറിവിന്റെയും കുറവ് നല്ല മനോഭാവംകൊണ്ട് പരിഹരിച്ച് ജീവിതത്തിൽ വിജയിച്ച ധാരാളം ആളുകളെ നമുക്ക് കാണാൻ കഴിയും.

*(പ്രിയ മാതാപിതാക്കളുടെയും യുവജനങ്ങളുടെയും അഭിപ്രായങ്ങളും, സംശയങ്ങളും, വിശദീകരണങ്ങളും അറിയിക്കുമല്ലോ. mathewjinto@gmail.com)* ■



**അനുഭവം**

റീതു ജോസഫ്



# ഷില്ലോങ്ങിന്റെ പാഠങ്ങൾ

ഫുൾടൈമർഷിപ്പ് അനുഭവങ്ങളുടെയും അനുഗ്രഹങ്ങളുടെയും പെയ്ത്തുകാലമാണ്. ഒരുവർഷം മറ്റെല്ലാംവിട്ട് ദൈവരാജ്യപ്രവർത്തനങ്ങളുമായി മിഷൻ സ്ഥലങ്ങളിൽ ജീവിക്കുമ്പോൾ മാറുന്നത് നമ്മുടെ ജീവിതവും കാഴ്ചപ്പാടുകളുമാണ്. ചിലതെല്ലാം ജീവിതത്തോട് കൂട്ടിച്ചേർക്കാനും ചിലതെല്ലാം വഴിയിലുപേക്ഷിക്കുവാനും ശക്തമായ പ്രചോദനവും ധൈര്യവും കിട്ടുന്ന കാലം. എന്റെ ഫുൾടൈമർഷിപ്പ് മേഘാലയിലെ ഷില്ലോങ്ങിലായിരുന്നു.

ഡിസംബർ, ജനുവരി മാസങ്ങളിൽ കൊടുംതണുപ്പ് കാരണം ഷില്ലോങ്ങിൽ സ്കൂളുകൾക്കും കോളജുകൾക്കും അവധിയാണ്. ആ സമയത്ത് ഉൾപ്രദേശങ്ങളിലെ ഗ്രാമങ്ങളിലൂടെ യാത്രചെയ്തു കൂടുതൽ ഭവനങ്ങൾ സന്ദർശിക്കാനായിരുന്നു എന്റെ പദ്ധതി. ഒന്നോ രണ്ടോ ആഴ്ച ഒരുഗ്രാമത്തിൽ ചെലവഴിക്കും. ആ സമയത്ത് പുറത്തുനിന്നുള്ള വൈദികരെല്ലാം വിന്റർ വെക്കേഷനു നാട്ടിൽപോകുന്നതിനാൽ ഗ്രാമങ്ങളിൽ കുർബാന ഉണ്ടാകാറില്ല. ഞായറാഴ്ചകളിൽ ഷില്ലോങ് സിറ്റിയിലെത്തിവേണം കുർബാന അർപ്പിക്കാൻ.

ഇങ്ങനെ ഒരു ഗ്രാമത്തിൽനിന്ന് മറ്റൊന്നിലേക്കും ഇടയ്ക്കിടയ്ക്ക് സിറ്റിയിലേക്കുമുള്ള യാത്രകളിൽ എനിക്ക് അറിയാവുന്ന ആരെങ്കിലും കൂടെയുണ്ടാകണമെന്നില്ല. മാത്രമല്ല, ഗ്രാമങ്ങളിലെ യാത്രയ്ക്കുള്ള വാഹനങ്ങളിൽ ഇംഗ്ലിഷ് അറിയാവുന്നവർ ഉണ്ടാകാറില്ല. എന്റെ മുറിഘാസി (അവരുടെ പ്രാദേശിക ഭാഷ) ഉപയോഗിച്ചുവേണം കാര്യങ്ങൾ പറയാൻ.

ഒരുദിവസം ഞാൻ പോകാൻ തീരുമാനിച്ച സ്ഥലത്തേക്കുള്ള വഴി എനിക്കറിയില്ലായിരുന്നു. കർത്താവേ, നീ തന്നെ എന്നെ അവിടെയെത്തിക്കണേ എന്ന പ്രാർഥനയോടെ യാത്രതുടങ്ങി. എങ്കിലും ഉള്ളിലെ ഭയം ശക്തമാകുകയായിരുന്നു. ഞാൻ പുറപ്പെടുമ്പോഴേക്കും മറ്റൊരുഗ്രാമത്തിലുള്ള എന്റെ ഒരുസുഹൃത്ത് ഞാൻ പോകാനിരുന്ന ഗ്രാമത്തിലുള്ള ഒരുടീച്ചറിന്റെ ഫോൺ നമ്പർ തന്നു. അവർ സിറ്റിയിൽ വന്നിട്ടുണ്ടെന്നും അവരോടൊപ്പം ഗ്രാമത്തിലേക്കുപോകാമെന്നും പറഞ്ഞു. എന്റെ സന്തോഷത്തിനതിരില്ലായിരുന്നു.

അങ്ങനെ ഞാൻ അവരെ വിളിച്ചു. ഞങ്ങൾ സിറ്റിയിൽ സുമോ സ്റ്റാൻഡിൽ വച്ചുകണ്ടുമുട്ടി. അവർക്ക് ഇംഗ്ലീഷ് അത്യാവശ്യം അറിയാം എന്നത് എനിക്കാശ്വാസമായി. അപ്പോഴാണ് മറ്റൊരുപ്രശ്നം. ഞങ്ങൾ പോകേണ്ട ഗ്രാമത്തിലേക്ക് സുമോ പോകില്ല. അവർ ഇറക്കുന്നിടത്തുനിന്ന് കുറഞ്ഞത് ഒരുമണിക്കൂറെങ്കിലും നടക്കേണ്ടിവരും.

അവിടെയും ദൈവം പ്രവർത്തിച്ചു. റോഡ് പണിക്കുവന്ന ഒരു ടിപ്പർ ലോറിയുടെ ഡ്രൈവർക്ക് ഞങ്ങളോട് കനിവുതോന്നി. അദ്ദേഹം ലിഫ്റ്റ് തന്നതിനാൽ ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തി. ഞങ്ങളെ ഇറക്കിയിട്ട് വണ്ടിപിന്നോട്ടെടുക്കുന്നതുകണ്ട് ചോദിച്ചപ്പോഴാണ് മനസ്സിലായത് ഞങ്ങളെ അവിടെയെത്തിക്കാനായിമാത്രം അദ്ദേഹം കിലോമീറ്ററുകൾ അധികം വണ്ടി ഓടിച്ചു.

ഈ സംഭവമെന്നെ പഠിപ്പിച്ചകാര്യങ്ങൾ വളരെയധികമാണ്. കർത്താവിലാശ്രയിച്ച് ഇറങ്ങിപ്പുറപ്പെടുമ്പോൾ ഭാഷയോ, പരിചയക്കുറവോ ഒന്നും നമ്മുടെ യാത്രമുടക്കില്ല. വഴിയിൽ നമ്മെ സഹായിക്കാനായി അവിടുന്ന് ആളുകളെ ഒരുക്കിയിട്ടുണ്ടാകും.

ഇപ്പോൾ കാൻപൂർ ഐ.ഐ.ടി.യിൽ എം.ടെക് പഠിക്കുകയാണ് ഞാൻ. ഈയടുത്തയിടയ്ക്ക് കാൻപൂരിൽനിന്ന് ലക്നൗവിലേക്കും തിരിച്ചും രാത്രിയിൽ ഒറ്റയ്ക്ക് യാത്രചെയ്യാനിടവന്നപ്പോൾ എനിക്ക് തിരിച്ചറിയാനായത് ഫുൾടൈമർഷിപ്പ് എനിക്ക് സമ്മാനിച്ച ദൈവാശ്രയബോധവും ആത്മധൈര്യവുമാണ്. അപരിചിതമായ സാഹചര്യങ്ങളിൽ എങ്ങനെ പിടിച്ചുനിൽക്കാമെന്ന് ഞാൻ പഠിക്കുകയായിരുന്നല്ലോ ആ ഒരുവർഷം.

നമ്മെ എതിർക്കുന്നവരോടും തെറ്റിധരിക്കുന്നവരോടുമെല്ലാം ക്ഷമിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും എനിക്കുകഴിയുന്നത് മറ്റൊരു അനുഗ്രഹം. വ്യത്യസ്തരായ ആളുകളോട് സത്യസന്ധമായും വിവേകപൂർവമായും എങ്ങനെപെരുമാറാമെന്നും ആ ഷില്ലോങ് ജീവിതം എന്നെ പഠിപ്പിച്ചു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രതിസന്ധികളെ പ്രാർഥനാപൂർവം നേരിടാമെന്ന വിശ്വാസവും എനിക്കു കൈവന്നു.

ഫുൾടൈമർഷിപ്പിനുശേഷം കാൻപൂർ ഐ.ഐ.ടി.-യിൽ എം.ടെക്കി-ന് അഡ്മിഷൻ ലഭിച്ചപ്പോൾ എന്നെ വിളിച്ചവർ പലരും പറഞ്ഞത് അത് ഫുൾടൈമർഷിപ്പിന്റെ ഗ്രേസ് ആണെന്നാണ് ■



## അകക്കാഴ്ചകൾ

ജോബി തോമസ്

# യുവാക്കൾ ഇറങ്ങിപ്പുറപ്പെടുമ്പോൾ

വിശ്വാസവർഷത്തിന്റെ പശ്ചാത്തലത്തിൽ ജീസസ് യൂത്ത് മുന്നേറ്റത്തിലും മുന്നേറ്റവുമായി ബന്ധപ്പെട്ടും നടക്കുന്ന വിശേഷങ്ങളെയും വർത്തമാനങ്ങളെയും ഇവിടെ അടയാളപ്പെടുത്തുകയാണ്. അകക്കാമ്പുള്ള കാഴ്ചകൾ കണ്ടെത്താനും പങ്കുവയ്ക്കാനും അതിന്റെ പ്രചോദനത്താൽ വിശ്വാസത്തിന്റെ പരിമളം പരത്താനും നമുക്കു കഴിയട്ടെ.

### 'എ ഡേ വിത്ത് ക്രൈസ്റ്റ്' – വിശ്വാസവർഷത്തിലെ ദിവ്യകാരുണ്യാരാധന

ഒക്ടോബർ 11 മുതൽ കളമശ്ശേരി എമ്മാവൂസിൽ ദിവസവും രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന വ്യക്തിപരമായ ദൈവാരാധനാനിമിഷങ്ങളാണിത്. പ്രൊഫഷണൽസ് മിനിസ്ട്രിയുടെയും എറണാകുളം സോണിന്റെയും ആഭിമുഖ്യത്തിലാണ് മുന്നേറ്റത്തിനും സഭയ്ക്കും സമൂഹത്തിനും വേണ്ടി പ്രാർഥിക്കാനുള്ള ഈ അവസരം ഒരുങ്ങുന്നത്. സെക്കൻഡുകളെയും മിനിറ്റുകളെയും പണത്തിന്റെ കണക്കിലൂടെ മാത്രം കാണുന്ന ഈ കാലഘട്ടത്തിൽ, ഒരു ദിവസത്തെ ജോലി, പഠനം എന്നിവ മാറ്റിവച്ച്, തന്റെ നല്ലസമയത്തിന്റെ ഒരു പങ്ക് ദൈവത്തോടൊപ്പം ചെലവഴിക്കാനും വിശ്വാസമാകുന്ന മഹാദാനത്തിന് നന്ദി പറയുവാനും കൂടുതൽ ആഴപ്പെട്ട് വളരുവാനും ആഗ്രഹിക്കുന്നവർക്ക് ഇവിടേക്ക് സ്വാഗതം. ആരാധനയുടെ ആറുമണിക്കൂർ സമയം ഫലപ്രദമായി ചെലവഴിക്കാനുള്ള മാർഗരേഖയും ഇതിനോടൊപ്പമുണ്ട്. 50–ലധികം എഞ്ചിനിയർമാരും ഡോക്ടർമാരും ഓരോ ദിവസങ്ങളിലായി ഇതിലൂടെ കടന്നുപൊയ്ക്കഴിഞ്ഞു. തിരുവനന്തപുരം, ചങ്ങനാശ്ശേരി സോണുകളിലും നഴ്സസ് മിനിസ്ട്രിയിലും ഈ മാതൃകയിൽ ദിവ്യകാരുണ്യാരാധനകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സോണുകളിലും മിനിസ്ട്രികളിലും ഇത് നടന്നിരുന്നെങ്കിൽ... എല്ലാ ജീസസ് യൂത്തും ഇതിലൂടെ കടന്നുപോയിരുന്നെങ്കിൽ...

### ജീസസ് യൂത്ത് ലീഡേഴ്സ് സംഗമം

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി പലതലമുറകളിൽപ്പെട്ട ജീസസ് യൂത്ത് അംഗങ്ങൾ കളമശ്ശേരി രാജഗിരി സ്കൂളിൽ ഒത്തുചേർന്നു. 600–ഓളം പേരുടെ 'New Evangelisers for the New Evangelisation' എന്ന നേതൃസംഗമം നടന്നത്. നവസുവിശേഷവത്കരണ സിനഡിൽ പങ്കെടുത്ത മനോജ് സണ്ണി പ്രഭാഷണം നടത്തുകയും ഗ്രൂപ്പ്തല ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയും പി.ഒ.സി. ഡയറക്ടറുമായ റവ. ഡോ. സ്റ്റീഫൻ ആലത്തറ സമ്മേളനം ഉദ്ഘാടനം ചെയ്തു. സിനഡ് പിതാക്കന്മാരിലൊരാളായി റോമിലേക്ക് പ്രത്യേകം ക്ഷണിക്കപ്പെട്ട, സി. എം. ഐ. പ്രിയോർ ജനറൽ റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സിനഡിന്റെ ഉൾക്കാഴ്ചകൾ പങ്കുവച്ചു. ജീസസ് യൂത്ത് മുന്നേറ്റത്തിലെ വിശ്വാസരൂപീകരണ പദ്ധതികളെക്കുറിച്ച് ഡോ. എഡ്വേർഡ് എടേഴത്ത് സംസാരിച്ചു. റവ. ഫാ. ചെറിയാൻ നേരെവീട്ടിൽ, റവ. ഫാ. ഷിബു ഒ.സി.ഡി., അഡ്വ. റൈജു വർഗീസ്, ആന്റണി എ.ജെ. തുടങ്ങിയവർ മീറ്റിങ്ങിന് നേതൃത്വം നൽകി. റവ. ഫാ. എബ്രഹാം പള്ളിവാതുക്കലിന്റെ പ്രധാന കാർമികത്വത്തിൽനടന്ന ദിവ്യബലിയോടെയാണ് മീറ്റിങ് സമാപിച്ചത്.

### 'ഇയർ ഓഫ് ഫെയ്ത്ത് റോസറി'

ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ആശിർവദിച്ച ജപമാല ജീസസ് യൂത്ത് അംഗങ്ങളുടെ കരങ്ങളിലൂടെ ഈ വിശ്വാസവർഷം കടന്നുപോകും. ഒക്ടോ. 11–ാം തീയതി പി.ഒ.സി.യിൽ ഉദ്ഘാടനം ചെയ്യപ്പെട്ട കേരള ജീസസ് യൂത്ത് വിശ്വാസവർഷാചരണത്തിന്റെ ഭാഗമാണിത്. കാസർകോഡുനിന്നും കണ്ണൂരിലൂടെ തലശ്ശേരിയിലെത്തിച്ചേർന്നിട്ടുള്ള ജപമാല ആയിരക്കണക്കിന് ജീസസ് യൂത്ത് അംഗങ്ങളുടെ കൈകളിലെത്തും. 'വിശ്വസിച്ചവൾ ഭാഗ്യവതി'യെന്ന് വിശേഷിപ്പിക്കപ്പെട്ട പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥസഹായം വിശ്വാസവർഷത്തിൽ നമുക്കു തുണയാവട്ടെ.

### ബൈബിളും യു–ക്യാറ്റും (YOUCAT) ഒന്നിച്ചുപഠിക്കാം

ജീസസ് യൂത്ത് ബൈബിൾ മിനിസ്ട്രിയാണ് ഇതിന് സഹായിക്കുന്ന പഠനസഹായി ഒരു






**സ്വന്തം കൈകൊണ്ട് ഭക്ഷണം പാകം ചെയ്ത്, സായാഹ്നങ്ങളിൽ തെരുവോരങ്ങളിൽ തല ചായ്ക്കുന്ന അനാഥജന്മങ്ങളെ തേടിപ്പിടിച്ച്, അവർക്ക് വിശപ്പടക്കാനുള്ള ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുകയാണ് പ്രൊഫഷനൽ മിനിസ്ട്രിയിലെ ഒരു പറ്റം ചെറുപ്പക്കാർ**

ക്കിയിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിലെ വിവിധ പുസ്തകങ്ങളോടൊപ്പം യുവജനമതബോധനഗ്രന്ഥത്തിന്റെ ഭാഗങ്ങളും ചേർത്ത് ഒരുവർഷം കൊണ്ട് പഠിച്ചുതീർക്കാവുന്ന ഈ മെറ്റീരിയൽ തയാറാക്കിയതിനു പിന്നിൽ എറണാകുളത്തുള്ള സച്ചിനും കൂട്ടരുമാണ് പ്രവർത്തിച്ചത്. ദിവസവും കുറച്ചുസമയം ചിലവഴിച്ചുകൊണ്ട് 'ലെക്ഷ്യോ-ഡിവിനാ' (Lectio Divina) രീതിയിലാണ് ഇത് മുന്നോട്ടു പോകുന്നത്.

### 'തിയോളജി ഓഫ് ദ ബോഡി' സെമിനാറുകൾ

ശരീരം, ലൈംഗികത എന്നിവയെല്ലാം കമ്പോളവത്കരിക്കപ്പെടുന്ന ഉപഭോഗപരതയുടെ പ്രാന്തപ്രദേശങ്ങളിലൂടെയാണ് നാം വിശ്വാസയാത്ര നടത്തുന്നത്. നടപ്പുശീലങ്ങൾക്ക് പുറത്തുകടന്ന്, ആത്മാവിനെയും ശരീരത്തെയും ദൈവികവെളിപ്പെടലിന്റെയും ത്രിത്വാത്മകരഹസ്യത്തിന്റെയും വഴിവിളക്കുകളായി കണ്ടെത്താൻ ഈ പഠനശിബിരങ്ങൾ നമ്മെ സഹായിക്കും. ആൺകുട്ടികൾക്ക് മാത്രമായി ഇത്തരമൊരു സെമിനാർ നടന്നു. പെൺകുട്ടികൾക്കും ദമ്പതികൾക്കുമെല്ലാം പ്രത്യേകമായി ഇനിയും നടക്കാൻ പോകുന്ന സെമിനാറുകൾ അനേകർക്ക് അനുഗ്രഹമാകുമെന്ന് കരുതാം.

### 'ടൂർദെഫിദെയ്'-വിശ്വാസം പങ്കുവയ്ക്കാനും വിശ്വാസത്തിൽ വളരാനുമുള്ള യാത്രകൾ

വ്യക്തിപരമായ വിശ്വാസാനുഭവപങ്കുവയ്ക്കലുകൾ നടത്താനും മുമ്പേ നടന്ന മുതിർന്ന നേതൃത്വത്തിന്റെ സാക്ഷ്യങ്ങൾ സ്വീകരിക്കാനുമായി പഠനത്തിന്റെ തിരക്കുകൾക്കിടയിലും കലാലയ വിദ്യാർഥികളായ ജീസസ് യൂത്ത് അംഗങ്ങൾ നടത്തുന്ന മൂന്നോ നാലോ ദിവസത്തെ യാത്രകളാണിത്. വിവിധ സോണുകളിലെ ജീസസ് യൂത്ത് ലീഡേഴ്സിനൊപ്പം സമയം പങ്കിടാനും തീർഥാടനകേന്ദ്രങ്ങളും പ്രാർഥനാ ഗ്രൂപ്പുകളും സന്ദർശിക്കാനും വളർന്നുവരുന്ന ലീഡേഴ്സിന് ഇതിലൂടെ അവസരങ്ങൾ ലഭിക്കും. ക്യാംപസ് മിനിസ്ട്രി നേതൃത്വം നൽകുന്ന ഈ പ്രൊജക്ടിൽ രണ്ടുപേർ ചേരുന്ന ഗ്രൂപ്പുവീതമാണ് ഇത്തരം ഇറങ്ങിപ്പുറപ്പെടലുകൾ നടത്തുന്നത്.

### പ്രൊഫഷണൽ കോളജുകളിൽ യു-ക്യാറ്റ് (YOUCAT) പഠനഗ്രൂപ്പുകൾ

ഓരോ ജീസസ് യൂത്തും ഒരു യുക്യാറ്റ് സ്വന്തമാക്കുക, പ്രാർഥനാഗ്രൂപ്പുകളോട് ചേർന്ന് സഭാപഠനങ്ങൾക്കായി സമയം ചെലവഴിക്കുക എന്നിവ വിശ്വാസവർഷത്തിൽ ജീസസ് യൂത്തിന്റെ പ്രധാനസ്വപ്നങ്ങളാണ്. മെഡിക്കൽ-എഞ്ചിനിയറിങ് സ്റ്റുഡൻസ് മിനിസ്ട്രിയുടെ 60-ലധികം വരുന്ന പ്രാർഥനാ ഗ്രൂപ്പുകൾ ഇത് നടപ്പിലാക്കാനുള്ള പ്രയത്നത്തിലാണുതാനും. ഓരോ ഗ്രൂപ്പിനും ആവശ്യമായ 'രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ' മെസ്റ്റ് (MEST) ടീം വിതരണം ചെയ്യാൻ ആരംഭിച്ചുകഴിഞ്ഞു. സഭാപഠനങ്ങൾ ഹൃദയത്തിൽ നിറച്ച ധാരാളം പ്രൊഫഷണൽസിനെ നമുക്ക് സ്വപ്നം കാണാം.

### വിശ്വാസദീപവുമായി ചാന്ദയിലെ വില്ലേജുകളിലേക്ക്...

പെട്രോ-പോളോ ഫോർമേഷൻ പ്രോജക്ടിന്റെ ഭാഗമായി കേരളത്തിൽ നിന്നും 20-ഓളം പേർ മൂന്നാഴ്ച നീണ്ട മിഷൻയാത്രയ്ക്കു ശേഷം മടങ്ങിയെത്തി. ചാന്ദാരൂപതയിലെ വില്ലേജുകളിൽ താമസിക്കുകയും ഭവനസന്ദർശനങ്ങൾ നടത്തുകയും പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്ത അവർ വളരെ ആവേശത്തോടെയാണ് സ്വന്തം അനുഭവങ്ങളെക്കുറിച്ച് വിവരിക്കുന്നത്. അടുത്ത ഗ്രൂപ്പുകൾ മിഷൻയാത്രകൾക്ക് തയ്യാറെടുക്കുകയാണ്.

### 'പ്രൊഫസ് ഫിദെയ്' യിൽനിന്ന് 'സ്ട്രീറ്റ് ബേർഡ്'സിലേക്ക്...

വിശ്വാസവർഷത്തിനു മുന്നോടിയായി പ്രൊഫഷണൽ മിനിസ്ട്രിയുടെ 70-ഓളം പേർ പങ്കെടുത്ത ഗാതറിങ്ങിന്റെ പേരായിരുന്നു പ്രൊഫസ് ഫിദെയ് എന്നത്. ആ ലീഡേഴ്സ് ഗാതറിങ്ങിനുശേഷം ആരംഭിച്ച പല തുടക്കങ്ങളിലൊന്നാണ് സ്ട്രീറ്റ് ബേർഡ്സ്. ഓരോ ദിവസവും ജോലിക്ക് ശേഷം ഒരു സ്ഥലത്ത് ഒന്നിച്ചുകൂടി, സ്വന്തം കൈകൊണ്ട് ഭക്ഷണം പാകം ചെയ്ത്, സായാഹ്നങ്ങളിൽ തെരുവോരങ്ങളിൽ തല ചായ്ക്കുന്ന അനാഥജന്മങ്ങളെ തേടിപ്പിടിച്ച്, അവർക്ക് വിശപ്പടക്കാനുള്ള ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുകയാണ് പ്രൊഫഷനൽ മിനിസ്ട്രിയിലെ ഒരുപറ്റം ചെറുപ്പക്കാർ. ശരീരത്തിനുള്ള ഭക്ഷണം നൽകിയശേഷം, തങ്ങളുടെ ദൈവാനുഭവങ്ങളുടെ വെളിച്ചത്തിൽ ആ പാവപ്പെട്ടവരുടെ ആത്മാവിന്റെ വിശപ്പകറ്റുന്നതിലും ഈ യുവസുഹൃത്തുക്കൾ ഏറെ ശ്രദ്ധാലുക്കളാണ്. വിശ്വാസപ്രഖ്യാപനവും (Confessio) ഉപവിപ്രവർത്തനങ്ങളും (Caritas) ഇവിടെ ഒത്തുചേരുന്നു ■

*ലേഖകൻ ജീസസ് യൂത്ത് കേരള കോ-ഓർഡിനേറ്ററാണ്*




വിശ്വാസവർഷത്തിൽ എല്ലാ ജീസസ് യൂത്തിനും സ്വന്തമായി സൂക്ഷിക്കുവാനും വിശ്വാസത്തിലാഴപ്പെടുവാനും വിശ്വാസപ്രമാണം ആലേഖനം ചെയ്ത കാർഡുകൾ പുറത്തിറങ്ങി. കാർഡിൽ ആലേഖനം ചെയ്തിരിക്കുന്ന സിസിലിയിലെ സെഫലൂ കത്തീഡ്രലിലെ ക്രിസ്തുരൂപം (Christ Pantocrator) കാർഡിനെ അതിമനോഹരമാക്കുന്നു. വിശ്വാസവർഷ പ്രാർഥനയായി വത്തിക്കാൻ പുറത്തിറക്കിയ കാർഡുകളുടെ അതേ ചിത്രം തന്നെയാണ് ഇതെന്നത് ശ്രദ്ധേയം.

ഈ പുതുവർഷം വേ ടു റോമിൽ മറ്റു വിശ്വാസങ്ങളിൽനിന്ന് കത്തോലിക്കാ വിശ്വാസത്തിലേയ്ക്കു കടന്നുവന്ന ചില പ്രമുഖരെയും അവരുടെ വിശ്വാസവഴികളുമാണ് പരിചയപ്പെടുത്തുന്നത്

**വേ ടു റോം**

രാജേഷ് മത്തായി



# പഴയനിയമപൂർത്തീകരണം കണ്ടെത്തിയ ഇസ്രായേൽ സോളി



*Israel Zolli*

റോമിലെ മുഖ്യ റബ്ബി, പഴയനിയമത്തിലും പൗരാണികഭാഷകളിലും അഗാധപാണ്ഡിത്വമുള്ള വ്യക്തി. പക്ഷേ 1945-ൽ അദ്ദേഹം ലോകത്തെ ഞെട്ടിച്ചു-ഒരു കത്തോലിക്കാവിശ്വാസിയായി മാറിയപ്പോൾ.

1913-ൽ സഹറബ്ബിയായി സേവനമനുഷ്ഠിച്ചു തുടങ്ങിയ അദ്ദേഹം ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഇറ്റലിയിലുള്ള ട്രൈയെസ്റ്റയിലെ മുഖ്യ റബ്ബിയായി. 1917-ൽ ഭാര്യയുടെ ആകസ്മിക മരണത്തിൽ തകർന്നുപോയ അദ്ദേഹത്തിന് ആ ദിവസങ്ങളിൽ യേശുവിന്റെ ആദ്യദർശനമുണ്ടായി. ഈ യേശു എന്റെ ജനത്തിന്റെ പുത്രനല്ലേ എന്ന ചോദ്യം ഉള്ളിൽ അലയടിച്ചുവെങ്കിലും അത് ഉള്ളിൽ ഒരു ചോദ്യമായിത്തന്നെ നിലകൊണ്ടു. 1920-ൽ സോളർ പുനർവിവാഹം ചെയ്തു. ഇറ്റലിയിലെ പാദുവാ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പഴയനിയമത്തോടൊപ്പം അദ്ദേഹം പുതിയ നിയമവും പഠിക്കാൻ തുടങ്ങി. യേശുക്രിസ്തുവെന്ന വ്യക്തിയെയും അവിടുത്തെ പ്രബോധനങ്ങളും പരിചിതമായ സോളർക്ക് സാവധാനം പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം വ്യക്തമായിത്തുടങ്ങി. ബുദ്ധിപരമായി യേശുവിനെ അംഗീകരിച്ച സോളർക്ക് വീണ്ടും വർഷങ്ങൾ കഴിഞ്ഞാണ് വിശ്വാസമെന്ന ദാഹം ലഭിച്ചത്. 1930-കളുടെ അവസാനത്തോടെ ഹിറ്റ്ലറുടെ കടന്നുകയറ്റം ഇറ്റലിയിലും യഹൂദർക്കെതിരായി പുതിയ നിയമങ്ങൾ വരാൻ കാരണമായി. അദ്ദേഹത്തിന് ഇറ്റാലിയൻ പൗരത്വം നഷ്ടമായി. ഇതിനിടെ റോമിലെ യഹൂദസമൂഹം അദ്ദേഹത്തെ മുഖ്യ റബ്ബിയാക്കി. 1943-ൽ ഇറ്റലിയിലുള്ള സകല യഹൂദരെയും നാടുകടത്താനാരംഭിച്ചപ്പോൾ ഒൻപതുമാസത്തോളം തലയ്ക്ക് വിലപറഞ്ഞിരുന്ന സോളിയും മറ്റു യഹൂദരോടൊപ്പം വത്തിക്കാന്റെ സഹായത്തോടെ ഒളിവിൽ കഴിഞ്ഞു. 1944-ൽ അമേരിക്കൻസേന റോമിനെ സ്വതന്ത്രമാക്കിയപ്പോൾ വീണ്ടും മുഖ്യ റബ്ബിയായി സ്ഥാനമേറ്റ സോളിക്ക് അതേവർഷം ഒക്ടോബറിൽ വീണ്ടും യേശുദർശനമുണ്ടായി. “ഇനി നീ എന്നെ അനുഗമിക്കും” എന്ന സ്വരവും അദ്ദേഹം കേട്ടു. സോളിയുടെ ഭാര്യയ്ക്കും മകൾക്കും ഇതേ രീതിയിലുള്ള ദർശനങ്ങളുണ്ടായി. യേശുവിന്റെ വിളി തിരിച്ചറിഞ്ഞ സോളി മുഖ്യറബ്ബി സ്ഥാനം ഉപേക്ഷിച്ചു. 1945 ഫെബ്രുവരി 13-ന് ആർച്ച് ബിഷപ് ട്രാഗ്ളിയിൽനിന്ന് സോളിയും ഭാര്യയും ജ്ഞാനസ്നാനം സ്വീകരിച്ചു. യൂജെനിയോ എന്ന ക്രിസ്തീയനാമം സ്വീകരിച്ചു. സോളിയുടെ മതംമാറ്റം യഹൂദരുടെയിടയിൽ കോളിളക്കം സൃഷ്ടിച്ചു. സമരാധ്യനായിരുന്ന അദ്ദേഹം ദൈവനിന്ദകനായി ചിത്രീകരിക്കപ്പെട്ടു.

ജ്ഞാനസ്നാനദിവസത്തിൽ അദ്ദേഹത്തിന്റെ ഭവനത്തിൽ ആവശ്യത്തിന് ഭക്ഷണം പോലുമുണ്ടായിരുന്നില്ല. ആർച്ച് ബിഷപ് ട്രാഗ്ളിയ അദ്ദേഹത്തിന് 50 ലിറ (ഇറ്റാലിയൻ നാണയം) കൊടുത്തു. പ്രൊഫസറായും റബ്ബിയായും സേവനമനുഷ്ഠിച്ചതിനുശേഷം പെട്ടെന്ന് ഇത്ര കഠിനമായ സാമ്പത്തികപ്രതിസന്ധിയിലായെങ്കിലും 65 വയസ്സുണ്ടായിരുന്ന അദ്ദേഹം, ‘ജ്ഞാനസ്നാനം മാത്രമേ ഞാനവശ്യപ്പെടുന്നുള്ളൂ. ഞാൻ ദരിദ്രനാണ്, ദരിദ്രനായി ജീവിക്കും. ദൈവത്തിന്റെ പരിപാലനയിൽ ഞാൻ വിശ്വസിക്കുന്നു’ എന്നു പറഞ്ഞ് അതു നിരസിച്ചു.

പിന്നീട് പൊന്തിഫിക്കൻ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറായി നിയമിക്കപ്പെട്ട അദ്ദേഹം 1956-ൽ ന്യുമോണിയ ബാധിച്ച് മരിക്കുന്നതുവരെയും സജീവ ഇടവകാംഗമായിരുന്നു.

സോളി തന്റെ അവസാനനാളുകളിൽ പറഞ്ഞത് ഇങ്ങനെയാണ്: “കത്തോലിക്കാവിശ്വാസത്തിലേയ്ക്ക് ജനിച്ചു വീഴുന്നവർ ചെറുപ്പം മുതലേ ക്രിസ്തുവിന്റെ കൃപ സ്വീകരിക്കാൻ തങ്ങൾക്കു ലഭിച്ചിരിക്കുന്ന അമൂല്യമായ അവസരത്തെ തിരിച്ചറിയുന്നില്ല. പക്ഷേ, നീണ്ട വർഷങ്ങളുടെ പ്രയത്നം കഴിഞ്ഞ് വിശ്വാസകവാടത്തിലേക്ക് എത്തിപ്പെടുന്ന എന്നെപ്പോലെയുള്ളവർ വിശ്വാസമെന്ന ഈ ദാനത്തിന്റെ മഹത്വത്തെ വിലമതിക്കുകയും ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിൽ സമസ്ത സന്തോഷവും അനുഭവിക്കുകയും ചെയ്യുന്നു”■




## വഴിയും വിളിയും

ജേക്കബ് കോച്ചേരി

# കുട്ട നിറയെ എന്താണ് ?

പത്താം ക്ലാസുകാരി സാനിയ രാവിലെ സ്കൂളിലേക്ക് എന്നു പറഞ്ഞാണ് വീട്ടിൽ നിന്നിറങ്ങിയത്. അമ്മ ടീച്ചറെ വിളിച്ച് മകളുടെ എതോ കാര്യം തിരക്കിയപ്പോഴാണ് അവൾ അന്ന് സ്കൂളിൽ എത്തിയിട്ടില്ല എന്നറിയുന്നത്. അമ്മ സ്കൂളിൽ പാഞ്ഞെത്തി. അധ്യാപകർ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞപ്പോഴാണ് അവളുടെ പ്രണയത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട തിരോധാനത്തെകുറിച്ചും അറിയുന്നത്. അവൾ സ്നേഹിച്ചിരുന്ന ചെറുപ്പക്കാരനുമായി അവൾ ഒളിച്ചോടുകയായിരുന്നു. പിന്നെ അന്വേഷണത്തിന്റെ ദിനങ്ങൾ.



അതിനിടയിലാണ് അമ്മ ആ ബോംബ് പൊട്ടിച്ചത്. അന്നമ്മ ടീച്ചറാണ് ഈ ഒളിച്ചോട്ടത്തിന്റെ ഉത്തരവാദി! അവൾ അവനെ പ്രേമിക്കാൻ കാരണവും ടീച്ചർ തന്നെ.

അതിനൊരു ഫ്ളാഷ്ബാക്കുണ്ട്. പിതാവ് മുൻപേ മരിച്ചുപോയ സജു എന്ന പത്താം ക്ലാസുകാരന്റെ അമ്മയ്ക്ക് പെട്ടന്ന് അസുഖം കൂടുതലായി. പണിയെടുത്ത് അമ്മയുടെ ചികിൽസയും കുടുംബ ചെലവും നടത്തുന്ന സജുവിനെക്കുറിച്ച് അന്നമ്മ ടീച്ചർ ക്ലാസിൽ പറയുകയുണ്ടായി. അധ്വാനിച്ച് കഷ്ടപ്പെട്ടുപഠിക്കുന്ന സജുവിന്റെ കഥ എട്ടാം ക്ലാസ്സുകാരിയായ സാനിയയുടെ മനസ്സിൽ നീറ്റലുണ്ടാക്കി. ആ സഹതാപം പിന്നെ സഹഭാവമായി. അത് പതിയെ പ്രണയമാകുകയായിരുന്നു.

തന്റെ കുട്ടിയെ ന്യായീകരിച്ചുകൊണ്ടുള്ള അമ്മയുടെ എണ്ണിപ്പറച്ചിലുകൾ ഒട്ടൊന്നുമല്ല അന്നമ്മ ടീച്ചറിനെ വേദനിപ്പിച്ചത്. തൻകുഞ്ഞ് പൊൻകുഞ്ഞ് തന്നെയാണെങ്കിലും മക്കളോടുള്ള വാൽസല്യം മൂലം അന്ധമായ കണ്ണോടെ പ്രശ്നത്തെ സമീപിക്കുന്ന ഒട്ടനവധി മാതാപിതാക്കളുടെ പ്രതിനിധിയാണ് സാനിയയുടെ അമ്മ. ഇവിടെ ടീച്ചർ ഏതെങ്കിലും തരത്തിൽ തെറ്റുകാരിയാണോ?

സ്കൂളിലെ പ്രശ്നക്കാരനായിരുന്നു ഹിരൺ. അവനെ സ്നേഹപൂർവം തിരുത്തുന്നതിനെക്കുറിച്ച് അവന്റെ പിതാവിനോട് പറഞ്ഞപ്പോൾ നിങ്ങളവനെ അധികം നന്നാക്കാൻ വരേണ്ട എന്നായിരുന്നു പ്രതികരണം. നിങ്ങൾക്ക് പറ്റുന്നത് അവനെ പഠിപ്പിച്ചേക്കുക. നന്നാക്കാൻ നോക്കേണ്ട. അതൊക്കെ ഞാൻ ചെയ്തോളാം.

ഇത്തരം സന്ദർഭങ്ങളിൽ അധ്യാപകർ ചിന്തിക്കുന്ന ഒരു ന്യായമുഖം എന്തിനാ ഇത്ര വിഷമിച്ച് കുട്ടികളെ പഠിപ്പിക്കുന്നത് - പരിശീലിപ്പിക്കുന്നത്. സ്കൂളിൽ വരുന്നു പഠിപ്പിക്കുന്നു. താത്പര്യമുള്ളവൻ പഠിക്കുന്നു. അല്ലാത്തവൻ പോകുന്ന വഴിയെ തെളിക്കുക. രക്ഷിതാക്കൾക്കുപോലും ഇഷ്ടപ്പെടാത്ത സ്ഥിതിക്ക് നമ്മളെന്തിനാ...

അധ്യാപകർക്കങ്ങനെ കൈകഴുകാൻ പറ്റുമോ? അത് കാവ്യനീതിയാകുമോ? ഈയൊരു ലൈനിൽ ദൈവം നമ്മെ കൈവിട്ടിരുന്നെങ്കിലോ?

ദൈവപദ്ധതിക്ക് വിരുദ്ധമായി ചിന്തിക്കുകയും സഞ്ചരിക്കുകയും ചെയ്ത നിമിഷങ്ങളിലും സ്വർഗത്തിലെ വേട്ടപ്പട്ടിയെപ്പോലെ ദൈവം നമ്മെ അനുഗമിച്ചിരുന്നു. വീഴ്ചകളിൽ താങ്ങിയും തലോടിയും തോളിലേറ്റിയും വിനാശത്തിന്റെ വിനാഴികകളെ അകറ്റിവിട്ടു ദൈവം.

ഇതുപോലെ യാഥാർഥ്യ ബോധമുറയ്ക്കാത്ത നമ്മുടെ വിദ്യാർഥികളെ നമ്മൾ വിസ്മരിച്ചാൽ ആരവർക്ക് കൈത്താങ്ങാകും. ഈ ജീവിതം ദൈവത്തിന്റെ ദാനമാണ് എന്നുള്ള തിരിച്ചറിവ് നമ്മളെ പ്രവർത്തനോന്മുഖമാക്കും. അത് ഈശോയുടെ മക്കൾക്കുവേണ്ടി വ്യയം ചെയ്യുമ്പോൾ പിച്ചക്കാരന്റെ പാത്രം രാജാവ് നിറയ്ക്കും.

അധ്യാപകന്റെ സ്നേഹവും പ്രോൽസാഹനവും ആഗ്രഹിക്കാത്ത വിദ്യാർഥികളില്ല. മിടുക്കരായ വിദ്യാർഥികളെ ആർക്കും പഠിപ്പിക്കാം. എന്നാൽ ക്ലാസിന് വഴങ്ങാത്ത, ഇണങ്ങാത്ത കുരുന്നുകളെക്കൊണ്ട് കുട്ടനിറയ്ക്കുന്നവർ യഥാർഥ പ്രതിഭാധനരായ അധ്യാപകരാണെന്ന് ഞാൻ പറയും. ഈശോ നമ്മെ പഠിപ്പിച്ചതും മനുഷ്യരെ പിടിക്കുന്നവരാക്കാനാണല്ലോ. അധ്യാപനം ഒരു കലതന്നെയാണ്; ചെകുത്താനെ മനുഷ്യനാക്കുന്ന കല ■





ജോബി തോമസ് എം.ടെക്ക്, കട്ടപ്പന



# കൈയെഴുത്തു പ്രതികൾ നൽകുന്ന തെളിവ്

## പുതിയനിയമം വിശ്വസനീയമായ ഒരു ചരിത്രരേഖ ആണോ?

AD 1455-ൽ ജോൺ ഗുട്ടൻബർഗ് എന്ന ജർമൻകാരനാണ് അച്ചടിവിദ്യ കണ്ടുപിടിച്ചത്. അതിനുമുൻപ് പുസ്തകങ്ങൾ നിർമിക്കപ്പെട്ടിരുന്നത് കൈയെഴുത്തുപ്രതികളുടെ രൂപത്തിലായിരുന്നു. ആദ്യം തന്നെ ഗ്രന്ഥകർത്താവ് നേരിട്ട് ഒരു പുസ്തകം എഴുതും. ഈ പുസ്തകം നോക്കി മറ്റു ചില ആളുകൾ കൈകൊണ്ടെഴുതി ഇതിന്റെ കൂടുതൽ കോപ്പികൾ നിർമിക്കുന്നു. രണ്ടാം തലമുറയിൽപെട്ട ഈ കോപ്പികൾ നോക്കിയായിരിക്കും പലപ്പോഴും മൂന്നാം തലമുറയിൽപെട്ടവ നിർമിക്കപ്പെടുന്നത്. ഈ പ്രക്രിയ മുന്നോട്ടുള്ള തലമുറകളിലും തുടരുന്നു. നാലും അഞ്ചും തലമുറയിൽപെട്ട കോപ്പികൾ നിർമിക്കപ്പെടുമ്പോഴേക്കും ഒന്നും രണ്ടും തലമുറയിൽ പെടുന്നവയിൽ പലതും കാലപ്പഴക്കം മൂലം നശിച്ചിരിക്കും.

കൈയെഴുത്തുപ്രതികൾ നിർമിക്കപ്പെടുന്ന അവസരത്തിൽ അറിയാതെ ചില അക്ഷരത്തെറ്റുകളും വാക്കുവ്യത്യാസങ്ങളും സംഭവിക്കാം. പ്രതിഭാസമ്പന്നരായ കോപ്പിയെഴുത്തുകാർ ബോധപൂർവം ചില മാറ്റങ്ങൾ വരുത്തുകയും ചെയ്യും. തന്മൂലം കുറച്ചധികം തലമുറകൾ കഴിഞ്ഞ് നിർമിക്കപ്പെടുന്ന ഒരു കോപ്പി ഗ്രന്ഥകർത്താവ് നേരിട്ടെഴുതിയ ആദ്യഗ്രന്ഥത്തിൽനിന്ന് കുറച്ച് വ്യത്യാസപ്പെട്ടിരിക്കും.

ബൈബിൾ ഉൾപ്പെടെ, പുരാതനകാലത്ത് എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിന്റെ കാര്യത്തിലും ഗ്രന്ഥകർത്താവ് നേരിട്ടെഴുതിയ ആദ്യപുസ്തകം ലഭ്യമല്ല. പലകാലങ്ങളായി നിർമിക്കപ്പെട്ട കുറച്ചു കൈയെഴുത്തുപ്രതികളായിരിക്കും ലഭ്യമായിരിക്കുന്നത്. ഈ കൈയെഴുത്തുപ്രതികളുടെ ഉള്ളടക്കങ്ങൾക്കു തമ്മിൽ കുറച്ചുവ്യത്യാസവും കാണപ്പെടും. പ്രസ്തുത കൈയെഴുത്തുപ്രതികൾ വച്ചു ഗവേഷണം നടത്തി, ഗ്രന്ഥകർത്താവ് നേരിട്ടെഴുതിയ ആദ്യപുസ്തകം എപ്രകാരമായിരിക്കും എന്നു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. 'Textual criticism' എന്നാണ് ഈ ഗവേഷണശാഖയെ വിളിക്കുന്നത്. 'Textual criticism' ത്തിലൂടെ ഗ്രന്ഥകർത്താവ് നേരിട്ടെഴുതിയ ആദ്യപുസ്തകം എപ്രകാരമായിരിക്കും എന്ന് കൂടുതൽ വിശ്വസനീയമായ രീതിയിൽ കണ്ടുപിടിക്കാനാകുന്നത് താഴെപ്പറയുന്ന രണ്ടു വ്യവസ്ഥകൾ പാലിക്കപ്പെട്ടിരിക്കുമ്പോഴാണ്.

1. ലഭ്യമായിരിക്കുന്ന കൈയെഴുത്തുപ്രതികളുടെ എണ്ണം പരമാവധി കൂടുതലായിരിക്കണം. 2. ഗ്രന്ഥരചന ആദ്യം നടന്ന കാലവും, നമുക്കു ലഭ്യമായിരിക്കുന്നതിൽ ഏറ്റവും പഴക്കമേറിയ കൈയെഴുത്തുപ്രതി നിർമിക്കപ്പെട്ട കാലവും തമ്മിലുള്ള വിടവ് പരമാവധി കുറവായിരിക്കണം.

ഗ്രീക്കിലും ഇതരഭാഷകളിലുമായി പുതിയനിയമത്തിന്റെ 24,000 കൈയെഴുത്തുപ്രതികൾ നിലവിൽ ലഭ്യമാണ്. ഗ്രീക്ക്, റോമൻ സാഹിത്യത്തിലെ മറ്റു പുരാതന പുസ്തകങ്ങളിൽ ഓരോന്നിന്റെയും കാര്യത്തിൽ കൈയെഴുത്തുപ്രതികളുടെ എണ്ണം 650-ൽ താഴെയാണ്. പുതിയനിയമത്തിന്റെ കാര്യത്തിൽ ഗ്രന്ഥരചന ആദ്യം നടന്ന കാലവും ഇന്നു ലഭ്യമായിരിക്കുന്നതിൽ ഏറ്റവും പഴക്കമേറിയ കൈയെഴുത്തുപ്രതി നിർമിക്കപ്പെട്ടിരിക്കുന്ന കാലവും തമ്മിലുള്ള വിടവ് ഏതാണ്ട് 100 വർഷങ്ങളാണ്. ഗ്രീക്ക്, റോമൻ സാഹിത്യത്തിലെ ഇതര പുരാതന ഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഈ വിടവ് 400 വർഷങ്ങൾക്കു മുന്നിലാണ് ■



# വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

## ക്യാപ്റ്റൻ ഡിലനോയി നമ്മെ പഠിപ്പിക്കുന്നത്

വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ മാനസാന്തരം എക്കാലവും ക്രിസ്ത്യാനികൾക്ക് അനുകരിക്കാവുന്ന ശ്രേഷ്ഠമായ മാതൃകയാണ്. യുദ്ധത്തിൽ പരാജയപ്പെടുത്തി തടവുകാരനാക്കിയെങ്കിലും അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ഠ്യം മൂലമാണ് മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ സൈന്യാധിപനായി അദ്ദേഹത്തെ ഉയർത്തുന്നത്. ക്യാപ്റ്റന്റെ കീഴിലുള്ള ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നു നീലകണ്ഠപ്പിള്ള. ഇരുവരും സ്വഭാവശുദ്ധിയിൽ ഉന്നതനിലവാരം പുലർത്തുന്നവർ. അതവരുടെ സൗഹൃദത്തെ ദൃഢതരമാക്കി.

ഈയവസരത്തിലാണ് താൻ സ്വാംശീകരിച്ച വിശ്വാസസത്യങ്ങൾ ഡിലനോയി നീലകണ്ഠപ്പിള്ളയ്ക്ക് പകർന്നു കൊടുക്കുന്നത്. ഈശോയുടെ രക്ഷാകര സംഭവങ്ങൾ നീലകണ്ഠപ്പിള്ളയുടെ ഹൃദയത്തെ സ്പർശിച്ചു. ഈശോയെ സ്വന്തമാക്കാനുള്ള അദമ്യമായ ദാഹമായി അതു വളർന്നു. അതാണ് ഈശോ സഭാ വൈദികനായ ജോൺബാപ്റ്റിസ്റ്റ് ബുത്താരിയുടെ അരികിലെത്താനും ദേവസഹായം പിള്ളയായി പുനർജനിക്കാനും ഇടയാക്കിയത്.

ഈശോയെ അറിയാത്ത നീലകണ്ഠപ്പിള്ള ഇന്ന് സഭയിലെ അൾത്താര വണക്കത്തിലേക്ക് ഉയർന്നിട്ടുണ്ടെങ്കിൽ ഡിലനോയി എന്ന കത്തോലിക്കൻ അതിനു പിന്നിൽ പ്രവർത്തിച്ച പങ്ക് വളരെ വലുതാണ്. ഇവിടെയാണ് സ്വയം വിലയിരുത്തേണ്ടത്. നമ്മുടെ സൗഹൃദത്തിലുള്ള അക്രൈസ്തവരായ എത്രപേർക്ക് ഈശോയെ പകർന്നു നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്? ഇതിനുള്ള ധാരാളം അവസരങ്ങൾ പലപ്പോഴും നമുക്കു ലഭിക്കുന്നുണ്ടെങ്കിലും ലജ്ജയാലും അലസതയാലും നാം ഒഴിഞ്ഞുമാറുന്നു. നമ്മുടെ പെരുമാറ്റം കൊണ്ടുപോലും ഒരാളെ ഈശോയിലേക്ക് ആകർഷിക്കാൻ കഴിയാത്തവിധം ആത്മീയമായി മന്ദീഭവിച്ചവരായി നാം മാറിയോ?

ഒരു സൈനിക ഉദ്യോഗസ്ഥൻ തന്റെ കീഴുദ്യോഗസ്ഥനോട് ഈശോയെക്കുറിച്ചു പറഞ്ഞപ്പോൾ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുണ്ടായി. വെറും ഏഴുവർഷത്തെ ക്രിസ്തീയ ജീവിതം മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നതെന്നോർക്കണം. ക്യാപ്റ്റൻ ഡിലനോയി കാണിച്ച മാതൃക നാം ആത്മാർഥമായിട്ടും അനുവർത്തിച്ചിരുന്നുവെങ്കിൽ എത്രയോ വിശുദ്ധാത്മാക്കൾക്കു ജന്മം കൊടുക്കാമായിരുന്നു! ഇങ്ങനെ ചിന്തിക്കുമ്പോൾ നാം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിശുദ്ധാത്മാക്കളുടെ സംഖ്യ എത്രയോ ആയിരിക്കും!!

## സവിത ഹാലപ്പനോവറിന്റെ മരണം; അതിന് കത്തോലിക്കാ സഭ എന്തു പിഴച്ചു?

കത്തോലിക്കാ രാജ്യമായ അയർലണ്ടിൽ ഇന്ത്യക്കാരിയായ സവിത ഹാലപ്പനോവർ എന്ന യുവതി ഗർഭച്ഛിദ്രത്തിനുള്ള അനുമതി നിഷേധിക്കപ്പെട്ട് മരണപ്പെട്ടു എന്ന വാർത്ത ലോകമെങ്ങും വിവാദവിഷയമായിരിക്കുന്നു. മാധ്യമങ്ങളിൽ വന്ന വാർത്ത വായിച്ചാൽ, കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിനു കീഴുള്ള രാജ്യമാണ് അയർലണ്ട് എന്നു തോന്നും. സഭയ്ക്കിട്ടു കൊട്ടാൻ കിട്ടിയ അവസരത്തെ വിമർശകർ നന്നായി ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണ്.

1861–ലെ ബ്രിട്ടീഷ് ഭരണകാലത്തെ വ്യക്തികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ആക്ടിൽനിന്നും എടുത്തിരിക്കുന്നതാണ് ജീവിക്കാനുള്ള അവകാശത്തെക്കുറിച്ചുള്ള അയർലണ്ടിലെ നിയമവകുപ്പുകൾ. ഈ നിയമപ്രകാരം ഗർഭച്ഛിദ്രം ചെയ്യുന്നവർക്ക് തടവുശിക്ഷ കിട്ടും. ഇതിനാലാണ് അവിടെ ഡോക്ടർമാർ ഗർഭച്ഛിദ്രത്തിനു മടി കാണിച്ചത്. ആ രാജ്യത്തിലെ നിയമത്തിലെ ചില വീഴ്ച്ചകളാണ് സവിതയുടെ ജീവൻ നഷ്ടപ്പെടുത്തിയത്.

**അമ്മയുടെ ജീവിക്കാനുള്ള അവകാശം പോലെ കുഞ്ഞിനും അവകാശമുണ്ടെന്ന കാര്യം പലരും മറക്കുന്നു**

എന്നാൽ, അമ്മയുടെ ജീവിക്കാനുള്ള അവകാശം പോലെ കുഞ്ഞിനും അവകാശമുണ്ടെന്ന കാര്യം പലരും മറക്കുന്നു. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ അമ്മയുടെ ജീവന്റെ രക്ഷയ്ക്കുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ (കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ പരമാവധി യത്നിക്കുകയും വേണം) കുഞ്ഞിന്റെ ജീവൻ നഷ്ടപ്പെട്ടാൽ അത് ഗർഭച്ഛിദ്രമായി സഭ കണക്കാക്കുന്നില്ല.

സവിതയ്ക്ക് സെപ്റ്റിസിമിയ എന്ന മാരക രോഗം പിടിപെട്ടിരുന്നുവെന്നും പറയപ്പെടുന്നു. ഒരുപക്ഷേ, മരണകാരണം അതായിരിക്കാം. ചുരുക്കത്തിൽ, സവിതയുടെ മരണം ആഗോളവ്യാപകമായി ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള ചർച്ചകൾക്കു തുടക്കമിട്ടിരിക്കുന്നു. അവയെല്ലാം ഗർഭച്ഛിദ്രത്തെ ന്യായീകരിക്കാവുന്ന തരത്തിലേക്ക് മാധ്യമങ്ങൾ എത്തിച്ചുവെന്നത് ജീവനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുള്ള തിരിച്ചടിയായി മാറുന്നു. എങ്കിലും ഇതിനൊരു മറുവശമുണ്ട്. സഭയുടെ കാഴ്ചപ്പാടുകളെ ജനമധ്യത്തിൽ വിശദീകരിക്കാൻ കിട്ടുന്ന നല്ലൊരവസരവുമാണിത്. അമ്മയുടെ അവകാശത്തെ ഉയർത്തിപ്പിടിക്കുമ്പോൾ കുഞ്ഞിന്റെ അവകാശങ്ങൾക്കുവേണ്ടി പോരാടുന്നതിലെ നീതിയെ പ്രത്യക്ഷമാക്കാനും ഇതുപകരിക്കും. സവിത ഹാലപ്പനോവറിന്റെ അനുഭവത്തെക്കാളുപരിയായി ഗർഭച്ഛിദ്രത്തിന്റെ ധാർമിക മൂല്യങ്ങളെ എടുത്തുകാണിക്കാൻ ഈ സംഭവം ഇടയാക്കട്ടെ. ജീവന്റെ മൂല്യത്തെ ഉയർത്തിക്കാണിക്കാൻ കിട്ടിയ ഈ അവസരത്തെ സഭയും പ്രോ-ലൈഫ് പ്രസ്ഥാനങ്ങളും പൊതുസമൂഹത്തിൽ ഫലപ്രദമായി വിനിയോഗിക്കട്ടെ എന്നാശംസിക്കുന്നു.

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒട്ടനവധി പ്രൊഫൈലുകളും ഗ്രൂപ്പുകളും ഫേസ്ബുക്കുപോലെയുള്ള സോഷ്യൽ നെറ്റുവർക്കിങ് സൈറ്റുകളിൽ ലഭ്യമാണ്

## ഫേസ്ബുക്ക് പെൺകുട്ടികൾ ഇതുവായിക്കുമോ?

ആത്യന്തികമായി എല്ലാ കണ്ടുപിടിത്തങ്ങളും മനുഷ്യനന്മയ്ക്കുവേണ്ടിയിട്ടാണ് രൂപപ്പെടുന്നത്. എന്നാൽ, അവയിൽ പലതും ദോഷകരമായി ഭവിക്കുന്നത് വിധി വൈപരീത്യമെന്നേ പറയേണ്ടൂ. ഫേസ്ബുക്കുപോലെയുള്ള സോഷ്യൽ നെറ്റുവർക്കിങ് സൈറ്റുകളും ഇതിനപവാദമല്ല. ഓരോരുത്തർക്കും ഉള്ളിലെ ആശയങ്ങൾ പ്രകടിപ്പിക്കാനും സൗഹൃദലോകം വിശാലമാക്കാനും മറ്റും ഉപകരിക്കേണ്ടതിനുപകരം നിനച്ചിരിക്കാത്തവിധം തിന്മയുടെ വിഷവിത്തുകൾ വിതയ്ക്കാനാണ് ഇവ കൂടുതലും ഉപയോഗപ്പെടുന്നതെങ്കിൽ ഈ മേഖലയിലേക്കു കടക്കുന്നവർ ചില കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധവയ്ക്കേണ്ടത് അടിയന്തരാവശ്യമായി മാറിയിരിക്കുന്നു.




ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്യപ്പെട്ട പെൺകുട്ടികളുടെ ഫോട്ടോകൾ മോർഫ് ചെയ്യപ്പെട്ട് മറ്റ് അശ്ലീല സൈറ്റുകളിൽ പ്രത്യക്ഷപ്പെടുന്നത് ഒരു നിത്യസംഭവമായി കാണാൻ കഴിയും. ഇക്കാര്യം പല പെൺകുട്ടികളും മനസ്സിലാക്കുന്നില്ലായെന്നതാണ് ഖേദകരമായ വസ്തുത. തങ്ങളുടെ ലാവണ്യം നാലുപേരുടെ മുൻപിൽ അവതരിപ്പിക്കുന്നതിനായി സ്വന്തം പ്രൊഫൈലുകളിൽ അപ്‌ലോഡു ചെയ്യുന്ന ഫോട്ടോകൾ മോർഫ് ചെയ്ത് അശ്ലീല സൈറ്റുകളിലെ കഥാപാത്രങ്ങളാക്കുന്ന സംഘങ്ങൾ ഇന്നു ധാരാളമായിട്ടുണ്ട്. ഇന്ന് ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള പെൺകുട്ടികളുടെ ഫോട്ടോകളിൽ പകുതിയിലേറെപ്പേരുടെയും ഇത്തരത്തിൽ മോർഫ് ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് ഏറ്റവും പുതിയ പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത്. ഫേസ്ബുക്കിൽ അപ്‌ലോഡു ചെയ്തിരിക്കുന്ന തങ്ങളുടെ ഫോട്ടോകൾ സുരക്ഷിതമാണെന്നു വിശ്വസിച്ചുകൊണ്ടിരിക്കുന്ന പല പെൺകുട്ടികളും ഇന്ന് സൈബർ ലോകത്തെ അശ്ലീല സൈറ്റുകളിലെ രതിറാണിമാരാണെന്നുള്ള സത്യം ഇവരറിയുന്നുപോലുമില്ല. അതുകൊണ്ട് ഇനിയെങ്കിലും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണം.


ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒട്ടനവധി പ്രൊഫൈലുകളും ഗ്രൂപ്പുകളും ഫേസ്ബുക്കുപോലെയുള്ള സോഷ്യൽ നെറ്റുവർക്കിങ് സൈറ്റുകളിൽ ലഭ്യമാണ്. Kairos youth magazine, Auxilium Christianorum, Jesus Daily, My mothermary, ilovejesus orline തുടങ്ങിയ പേജുകളൊക്കെ ഇതിനുദാഹരണങ്ങളാണ്. വാസ്തവത്തിൽ ഇതൊക്കെയാണ് ഫേസ്ബുക്കിലൂടെ നാം ഉപയോഗപ്പെടുത്തേണ്ടത്. അതിനുപകരം ഫേസ്ബുക്കിൽ പരിചയപ്പെടുന്ന വ്യക്തികളുമായി അനാവശ്യബന്ധങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള മാർഗമായി ഇതിനെ മാറ്റരുത്. മധ്യസ്ഥ പ്രാർഥനയ്ക്കും ആത്മീയവളർച്ചയ്ക്കും വ്യക്തിത്വവികസനത്തിനും ഉപയോഗപ്പെടുത്തേണ്ടതിനു പകരം സൈബർ ലോകത്തെ രതിസാമ്രാജ്യത്തിലെ കാമമോഹിനികളായി തങ്ങളറിയാതെ പല പെൺകുട്ടികളും മാറിയിട്ടുണ്ടെന്ന വസ്തുതയെ ഗൗരവമായി മനസ്സിലാക്കണം ■

# കലപില



അരുൺ ആന്റണി

യാൻ മാർട്ടലിന്റെ ബുക്കർ പ്രൈസ് സ്വന്തമാക്കിയ 'Life of Pi' യുടെ ചലച്ചിത്രാവിഷ്കാരം ഇന്ത്യയിൽ പ്രദർശനത്തിന് എത്തി. കപ്പൽ അപകടത്തിൽപ്പെട്ട് നടുക്കടലിൽ ലൈഫ്ബോട്ടിൽ ഒറ്റപ്പെടുന്ന 'പൈ' യുടെ കൗമാര സാഹസികതയും നിശ്ചയദാർഢ്യവുമാണ് ഈ ചലച്ചിത്രത്തിന്റെ പ്രധാന ഉള്ളടക്കം. ലൈഫ് ബോട്ടിലെ 227 ദിവസം നീണ്ട യാത്രയിൽ 'ലൈഫ്'കൈവെടിയാതിരിക്കാൻ 'പൈ' നടത്തുന്ന കഠിന പ്രയത്നങ്ങൾ പ്രേക്ഷകരെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. സ്വന്തം ജീവൻ സംരക്ഷിക്കുന്നതിനൊപ്പം 'സഹയാത്രിക'നായുള്ള 'റിച്ചാർഡ് പാർക്കർ' എന്ന കടുവയുടെ സംരക്ഷണവും പൈയുടെ ദൗത്യമാകുന്നു. 3D യുടെ ദൃശ്യഭംഗിയും കഥയുടെ ആവിഷ്കാര സൗന്ദര്യവും 'Life of Pi' യെ ഒരു ദൃശ്യവിരുന്നാക്കി മാറ്റുന്നു.




'വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്', ഹെബ്രായർ 11:1. ഒരു ക്രിസ്തീയ വീക്ഷണത്തിൽ ഈ ചലച്ചിത്രം കണ്ടപ്പോൾ ഈ വചനം പലതവണ എന്റെ മനസിൽ കടന്നുവന്നു. ജീവിതത്തിലെ നിസ്സാര പ്രതിസന്ധികളിൽ പോലും പതറിപോകുന്ന നമ്മിൽ പലർക്കും പൈയുടെ അതിജീവനം ഒരു പ്രചോദനമാകട്ടെ എന്ന് ഹൃദയപൂർവം പ്രാർഥിക്കുന്നു.

## വായിക്കാം, മാർപാപ്പയുടെ ട്വീറ്റുകൾ!

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ട്വിറ്ററിൽ. 12/12/12-നായിരുന്നു തന്റെ അക്കൗണ്ടിൽ നിന്നുള്ള ആദ്യ ട്വിറ്റർ സന്ദേശത്തിലൂടെ വിശ്വാസികളെ മാർപാപ്പ അനുഗ്രഹിച്ചത്. ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, പോർച്ചുഗീസ്, ജർമൻ, പോളിഷ്, അറബിക്, ഫ്രഞ്ച് എന്നീ ഭാഷകളിലായി മാർപാപ്പയുടെ ട്വിറ്റർ അക്കൗണ്ടിൽ പത്തു ലക്ഷത്തിലധികം ഫോളോവേഴ്സുണ്ട്.




'Pontifex' എന്ന പേരിൽ ആണ് മാർപാപ്പയുടെ അക്കൗണ്ട് പ്രവർത്തിക്കുന്നത്. വിശേഷ ദിവസങ്ങളിലും ഞായറാഴ്ചകളിലും നൽകുന്ന സന്ദേശങ്ങളുടെ സംഗ്രഹം, ലോക സംഭവങ്ങളോടുള്ള സഭയുടെ പ്രതികരണം തുടങ്ങിയവയായിരിക്കും ട്വിറ്ററിന്റെ ഉള്ളടക്കം.

## വത്തിക്കാൻ II പ്രമാണരേഖകളുടെ ഔദ്യോഗിക പരിഭാഷ പുറത്തിറങ്ങി

വിശ്വാസ വർഷത്തിൽ കേരള സഭയുടെ സ്നേഹ സമ്മാനമായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളുടെ ഔദ്യോഗിക പരിഭാഷ പി.ഒ.സി. പുറത്തിറക്കി. കൂടുതൽ വിവരങ്ങൾക്കും കോപ്പികൾക്കും പി.ഒ.സി. യുമായി ബന്ധപ്പെടുക.


facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.